# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കിളിമാനൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA/Tvm/ജി.പി. 9/1378/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 07/10/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിളിമാനൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/Tvm/ജി.പി. 9/1378/21 തീയ്യതി: 07/10/2021

## തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-08-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 09-09-2021 | 17-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-09-2021 | 18-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ
ശ്രീമതി ലിഷ.കെ.വി., അസിസ്റ്റൻ്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശാലിനി.വി.കെ.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സീന.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കല.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രീമതി രാജലക്ഷ്മി അമ്മാൾ.എസ്. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി അശ്വതി.ഡി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 09-04-2019 |
| ശ്രീ. അജയകുമാർ.പി.ജി. | സെക്രട്ടറി | 10-04-2019 | 15-05-2019 |
| ശ്രീ. സുനിൽ കുമാർ.ബി.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-05-2019 | 15-07-2019 |
| ശ്രീമതി ബിജി ജോസഫ് | സെക്രട്ടറി | 16-07-2019 | 10-01-2020 |
| ശ്രീമതി അശ്വതി.ഡി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-01-2020 | 23-02-2020 |
| ശ്രീമതി ബിജി ജോസഫ് | സെക്രട്ടറി | 24-02-2020 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. നിസാം.എ.എച്ച്. | കൃഷി ഓഫീസർ | 01-04-2019 | 30-06-2019 |
| ശ്രീമതി നസീമ ബീവി.എം. | കൃഷി ഓഫീസർ | 01-07-2019 | 31-03-2020 |
| ശ്രീമതി ശാലുമോൾ.എസ്.എസ്. | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. സുധീർ ജേക്കബ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്,സി. | 01-04-2019 | 31-03-2020 |
| ഡോ. ഷൈല | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 17-11-2019 |
| ഡോ. ഉഷ.കെ.കെ. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 18-11-2019 | 31-03-2020 |
| ഡോ. ശിവകുമാർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 23-08-2019 |
| ഡോ. മാലിനി.ആർ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 24-08-2019 | 31-03-2020 |
| ശ്രീ. ബിനു.കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 1 | 01-04-2019 | 31-03-2020 |
| ശ്രീമതി ശരണ്യ.എസ്.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 2 | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഒഴിവ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 17-06-2019 |
| ശ്രീമതി ഷൈബി.എസ്.ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 18-06-2019 | 24-02-2020 |
| ശ്രീമതി ഷീല കുമാരി അമ്മ,ബി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 25-02-2020 | 31-03-2020 |
| ശ്രീമതി ശാന്ത കുമാരി അമ്മ.ടി.വി. | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.സ്കൂൾ, കിളിമാനൂർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീബ.എസ്. | അസിസ്റ്റൻ്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി സുജിത കുമാരി.ആർ.ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 18-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Zeena K (Senior Grade Auditor, On 18-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-2 |
| 3 | സാമ്പത്തിക നില<br>Written By: Zeena K (Senior Grade Auditor, On 18-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 13-10-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 18-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 18-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shalini V K (Senior Grade Auditor, On 17-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: KALA P. (Auditor, On 18-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Manesh.B.H (Audit Officer, On 18-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 20-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 18-09-2021)<br>Last Updated By: Manesh.B.H (Audit Officer, On 18-09-2021) | 1-10 |
| 11 | ലൈസൻസ് അപേക്ഷകളിലെ അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 18-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-11 |
| 12 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിട്ടില്ല<br>Written By: Zeena K (Senior Grade Auditor, On 18-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-12 |
| 13 | വസ്തു നികുതി -അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-13 |
| 14 | ട്യൂട്ടോറിയൽ സ്ഥാപനം രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Zeena K (Senior Grade Auditor, On 19-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-14 |
| 15 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല<br>Written By: Manesh.B.H (Audit Officer, On 18-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-15 |
| 16 | പരിസ്ഥിതി സംരക്ഷണം - നടപടികൾ ഊർജ്ജിതമാക്കണം<br>Written By: Manesh.B.H (Audit Officer, On 18-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-16 |
| 17 | ഗ്രാമസഭകളുടെ സംഘാടനത്തിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കുന്നില്ല<br>Written By: Manesh.B.H (Audit Officer, On 18-09-2021)<br>Last Updated By: Manesh.B.H (Audit Officer, On 18-09-2021) | 1-17 |
| 18 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ-രജിസ്റ്റർ | 1-18 |

| | | |
|---|---|---|
| | പരിപാലിക്കുന്നില്ല<br>Written By: Zeena K (Senior Grade Auditor, On 19-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | |
| 19 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 19-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-19 |
| 20 | സേവന ഉപനികുതി-ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 17-09-2021)<br>Last Updated By: Manesh.B.H (Audit Officer, On 19-09-2021) | 1-20 |
| 21 | കരാർ അടിസ്ഥാനത്തിൽ ഡോക്ടർ നിയമനം- സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Shalini V K (Senior Grade Auditor, On 17-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-21 |
| 22 | ചെലവു രേഖകൾ സുലേഖയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Shalini V K (Senior Grade Auditor, On 17-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-22 |
| 23 | ഹെമറ്റോളജി മെഷീൻ വാങ്ങൽ-അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 17-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-23 |
| 24 | പശു വളർത്തൽ (എസ്.സിവനിത)- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 17-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-24 |
| 25 | മുട്ടക്കോഴി വളർത്തൽ(ജനറൽ)- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 17-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-25 |
| 26 | ഹരിതഭവനം- വ്യത്യസ്ത വാർഡുകളിലെ ഗുണഭോക്താക്കളെ ഒരു വാർഡിന്റെ ഗ്രാമസഭയിൽ അംഗീകരിച്ചു<br>Written By: Shalini V K (Senior Grade Auditor, On 17-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-26 |
| 27 | ഖരമാലിന്യ പരിപാലനം – പ്രോജക്ട് ലക്ഷ്യത്തിലെത്തിയില്ല<br>Written By: Manesh.B.H (Audit Officer, On 19-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-27 |
| 28 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതു അപാകതകൾ<br>Written By: Manesh.B.H (Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-28 |
| 29 | കരാറുകാരന്റെ പിശകിന് പ്രവൃത്തി റീടെന്റർ ചെയ്യേണ്ടി വന്നു<br>Written By: Manesh.B.H (Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-29 |
| 30 | മഴക്കാല പൂർവ്വ ശുചീകരണം തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല-തുക 75000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 19-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-30 |
| 31 | പാഥേയം പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-തുക 2,82,240/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-31 |
| 32 | പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റിന് വിഹിതം കൈമാറൽ -യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല- തുക 30,000/- തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-32 |
| 33 | IKM വിഹിതം നൽകൽ-വിനിയോഗസാക്ഷ്യ പത്രം ലഭ്യമല്ല. 77,518/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Lisha.K.V (Asst. Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-33 |

| | | |
|---|---|---|
| 34 | തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി-കൃത്യമായ അടിസ്ഥാന വിവരങ്ങളുടെയും കണക്കുകളുടെയും അഭാവത്തിൽ പദ്ധതി നിർവ്വഹണം<br>Written By: Lisha.K.V (Asst. Audit Officer, On 19-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-34 |
| 35 | അങ്കണവാടി പോഷകാഹാരം -ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ അധികം തുക അനുവദിച്ചു.<br>Written By: Lisha.K.V (Asst. Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-35 |
| 36 | അങ്കണവാടി പോഷകാഹാരം - സ്റ്റോക്ക് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല<br>Written By: Lisha.K.V (Asst. Audit Officer, On 19-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-36 |
| 37 | തെറ്റായ അക്കൗണ്ട് രേഖപ്പെടുത്തി-ഗുണഭോക്താവിന് തുക ലഭിച്ചില്ല. 18500/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Lisha.K.V (Asst. Audit Officer, On 19-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-37 |
| 38 | ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റില്ലാതെ സ്കോളർഷിപ്പ് അനുവദിച്ചു<br>Written By: Lisha.K.V (Asst. Audit Officer, On 19-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 20-10-2021) | 1-38 |
| 39 | ഗവ. എൽ.പി.എസ്.കിളിമാനൂർ-ൽ പ്രിന്റർ വാങ്ങൽ - അപാകങ്ങൾ<br>Written By: Manesh.B.H (Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-39 |
| 40 | യുവജനക്ലബുകൾക്ക് സ്പോർട്സ് കിറ്റ് - മാർഗരേഖ പാലിച്ചില്ല<br>Written By: Manesh.B.H (Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-40 |
| 41 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ – ഗുണഭോക്തൃ തിരഞ്ഞെടുപ്പിൽ സുതാര്യതയില്ല<br>Written By: Manesh.B.H (Audit Officer, On 19-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-41 |
| **ഭാഗം 2** | | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 27-09-2021)<br>Last Updated By: Manesh.B.H (Audit Officer, On 27-09-2021) | 2-1 |
| **ഭാഗം 3** | | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 27-09-2021)<br>Last Updated By: Manesh.B.H (Audit Officer, On 27-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 18-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 4-4 |
| 5 | | 4-5 |

| | | |
|---|---|---|
| | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Zeena K (Senior Grade Auditor, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Zeena K (Senior Grade Auditor, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 04.02.2019 ലെ 1 (1):ാം നമ്പർ പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പുൾപ്പടെ പ്രതീക്ഷിത വരവ് 20,69,04,116/- രൂപയും പ്രതീക്ഷിത ചെലവ് 20,16,54,247/- രൂപയുമാണ്.

2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**1.വരവ് തുക യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല.**

| ഇനം | ബജറ്റ് പ്രകാരമുള്ള തുക (പരിഷ്കരിച്ച) | 2018-19 ലെ വരവ് തുക | 2019-20 ലെ വരവ് തുക |
|---|---|---|---|
| വസ്തു നികുതി | 40,00,000/- | 24,87,525/- | 25,44,158/- |
| ആഡിറ്റോറിയം/ ഹാൾ വാടക | 50,000/- | 7,300/- | ഇല്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 11 നുള്ള മറുപടിയിൽ 2020 ജനവരി മുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനാൽ പ്രതീക്ഷിച്ച വരവ് ലഭിച്ചില്ലായെന്നും വരും വർഷങ്ങളിൽ അപാകത വരാതെ ബജറ്റ് തയ്യാറാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**2.പരിഷ്കരിച്ച ബജറ്റിൽ ചെലവ് തുക കൂട്ടി കാണിച്ചിരിക്കുന്നു.**

| ഹെഡ് കോഡ് | ഇനം | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|
| 250200101 | Soil And Water Conservation General | 3,25,000/- | 43,443/- |
| 250100101 | Agricultural And Related Sectors-Paddy | 30,00,000/- | 9,94,622/- |
| 250101101 | Agricultural And Related Sectors-Vegetables | 4,00,000/- | 67,840/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 11 നുള്ള മറുപടിയിൽ ബജറ്റ് പ്രകാരം തുക വകയിരുത്തിയെങ്കിലും പൂർണമായും ചെലവ് വരാത്തതിനാലാണെന്ന മറുപടി ലഭ്യമാക്കിയിരിക്കുന്നു.

**3.വകയിരുത്തിയതിനെക്കാളും കൂടുതൽ ചെലവ് ചെയ്തിരിക്കുന്നു.**

| ഹെഡ് കോഡ് | ഇനം | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|
| 251101301 &302 | Education Related Activities General &SCP | 6,00,000/- | 869293/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 11 നുള്ള മറുപടിയിൽ ബജറ്റ് ഭേദഗതി സമയത്ത് ഹെഡ് കോഡിൽ 2019-20 വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക ശ്രദ്ധയിൽപ്പെടാതെ പോയതിനാലാണ് പ്രസ്തുത അപാകത വന്നിരിക്കുന്നതെന്ന അറിയിച്ചിരിക്കുന്നു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 30.06.2020 | -- | -- |

**വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.**

**1. 2018-19 ,2019-20 എന്നീ വർഷങ്ങളിലും നീക്കിയിരിപ്പ് തുകകൾ മാറ്റമില്ലാതെ അവശേഷിക്കുന്നു.**

| Sl.No | Code | Particulars | Amount |
|---|---|---|---|
| 1 | 320200205 | Fund For Transferred Institutions-Social Welfare - Capital | 22000/- |

| | | | |
|---|---|---|---|
| 2 | 320200309 | Literacy Scheme Grant | 40061/- |
| 3 | 320700104 | Contributions For Joint Venture Projects (Capital Expenditure) From Block Panchayats | 59436/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 9 നുള്ള മറുപടിയിൽ ക്രമ നം 1 ലെ തുക അപര്യാപ്തമായതിനാൽ വരും വർഷത്തിൽ പദ്ധതി ഭേദഗതി വരുത്തി ഭരണസമിതിയുടെ തീരുമാനത്തിനു വിധേയമായി പ്രോജക്ടിൽ വകയിരുത്തി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്.

ക്രമ നമ്പർ 2,3 ലെ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്കും സർക്കാരിലേക്കും അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു മറുപടി ലഭ്യമാക്കിയിരിക്കുന്നു.

**2. തനതു ഫണ്ടിൽ ഭീമമായ തുകകൾ അവശേഷിക്കുന്നു.**

തനതു ഫണ്ടിൽ ഭീമമായ തുകകൾ അവശേഷിക്കുന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 9 നുള്ള മറുപടി സഹിതം ഉൾപ്പെടുത്തുന്നു.

| Code | Particulars | Amount | Reply Received |
|---|---|---|---|
| 32020322 | Grants From Suchithwa Mission | 1408688 | പദ്ധതി പൂർത്തീകരിച്ച് ബിൽ സമർപ്പിക്കാത്തതിനാലാണ് തുക ചെലവാകാതെ അവശേഷിക്കുന്നത്. പ്രസ്തുത തുക ചെലവഴിച്ച് ലയബിലിറ്റി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. |
| 320300199 | Grants For Specific Purpose-Other Government Agencies | 1273172 | ബഡ്സ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തുകയാണ്. പ്രസ്തുത 2021-22 ൽ തുക വകയിരുത്തി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു |
| 320700404 | Contributions For Specific Purpose - For Revenue Expenditure-From Block Panchayat | 4234038 | പ്രോജക്ട് വെച്ചിരുന്നുവെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് ബിൽ മാറുവാൻ സാധിച്ചിട്ടില്ല.2021-22 ൽ തുക വകയിരുത്തി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു |
| 320900299 | Other Awards From State Governments | 2097353 | 2020-21 പ്രോജക്ട് വെച്ച് ചെലവ് ചെയ്തതിരിക്കുന്നു. |

**3. KURDFC ലോൺ തുകയിലെ നീക്കിയിരുപ്പിൽ 10714/- രൂപയുടെ വ്യത്യാസം വന്നിരിക്കുന്നു.**

മേൽ തുക പലിശയിനത്തിൽ ലഭിച്ചതുകയാണെന്നും ആയത് ലോൺ അക്കൗണ്ടിൽ ക്രഡിറ്റായതുവഴിയാണ് മേൽ വ്യത്യാസം വന്നിരിക്കുന്നതെന്നും അറിയിച്ചിരിക്കുന്നു.

4. 2019-20 ലെ ലഡ്ജറും സുലേഖ ചെലവ് പത്രികയും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ബ്ലോക്ക് വിഹിതത്തിന്റെ ചെലവ് തുകയിൽ വ്യത്യാസം വന്നിരിക്കുന്നു.

| പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 107/20 | സമഗ്ര നെൽ വികസനം | 187000/-(ലഡ്ജർ പ്രകാരം)<br>218450/-(ചെലവ് പത്രിക പ്രകാരം) |
| 112/20 | കിണർ റീചാർജ്ജിംഗ് | ചെലവില്ല (ലഡ്ജർ പ്രകാരം)<br>15498/-(ചെലവ് പത്രിക പ്രകാരം) |

വ്യത്യാസം വന്ന തുകകൾ ബ്ലോക്ക് വിഹിതം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയതിനാലാണെന്ന അറിയിച്ചിരിക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 9ന്റെ മറുപടി )

**5. <u>B4 ൽ 3420/-രൂപ അവശേഷിക്കുന്നു.</u>**

B4 ൽ അവശേഷിക്കുന്ന 3,420/-രൂപ മുൻകാലങ്ങളിലെ നീക്കിയിരിപ്പാണ്. പ്രസ്തുത തുക ആവശ്യപ്പെട്ടുകൊണ്ട് നിർവഹണ ഉദ്യോഗസ്ഥർ റിക്വിസിഷൻ സമർപ്പിച്ചിട്ടില്ലാത്തതിനാലാണ് പ്രസ്തുത തുക അവശേഷിക്കുന്നത്. ആയതു പരിഹരിക്കുവാൻ നിർദ്ദേശം നൽകുന്നതാണെന്ന ഓഡിറ്റ് എൻക്വയറി നം 9നുള്ള മറുപടി പ്രകാരം അറിയിച്ചിരിക്കുന്നു.

## <u>1-3 സാമ്പത്തിക നില</u>

| | |
|---|---|
| മുന്നിരിപ്പ് | 1,67,90,821.00 |
| വരവ് | 7,40,07,981.00 |
| ആകെ | 9,07,98,802.00 |
| ചെലവ് | 6,71,70,046.00 |
| നീക്കിയിരിപ്പ് | 2,36,28,756.00 |

## <u>1-4 ഗ്രാന്റ് വിനിയോഗം</u>

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് * | നീക്കിയിരിപ്പ്/ ലാപ്സായ തുക# |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 10103742 | 10103742 | 10020587 | 83155 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9824353 | 9824353 | 7345483 | 2478870 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 9019223 | 9019223 | 5571609 | 3447614 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 14373000 | 14373000 | 7403209 | 6969791 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3417000 | 3417000 | 2710963 | 706037 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| സാക്ഷരത മിഷൻ ഗ്രാന്റ് | 40061 | - | 40061 | - | 40061 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1538284 | 586675 | 2124959 | 716271 | 1408688 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(ഇനം തിരിച്ച്) | | | | | |
| MNREGA | 2277 | 1297713 | 1299990 | 1237559 | 62431 |
| ICDS | 375204 | 816437 | 1191641 | 600000 | 591641 |

* ACR പ്രകാരമുള്ള ചെലവ് തുക

**# ലാപ്സായ തുകയുടെ വിവരം**

| ഗ്രാന്റിനം | നീക്കിയിരിപ്പ് തുക | ക്യൂ ബിൽ | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 83155 | 80155 | 3000 |
| വികസനഫണ്ട് (എസ്.സി.പി) | 2478870 | 321866 | 2157004 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 3447614 | 1524491 | 1923123 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 6969791 | 4169957 | 2799834 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 706037 | 614815 | 91222 |

**1-4-1 <u>ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ഏ.സി.ആർ തുകകൾ പൊരുത്തപ്പെടുന്നില്ല.</u>**

2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഇനങ്ങളുടെ ചെലവ് തുകയിൽ വ്യത്യാസം വന്നിരിക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക | ഏ.സി.ആർ പ്രകാരമുള്ള ചെലവ് തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 11714845 | 10020587 |
| വികസന ഫണ്ട് (എസ്.സി.പി) | 7713130 | 7345483 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.10 നുള്ള മറുപടിയിൽ ഉത്തവത്തിൽ കുറവ് ചെയ്യുന്നതിനാലാണ് പ്രസ്തുത വ്യത്യാസം വന്നിരിക്കുന്നതെന്ന് അറിയിച്ചിരിക്കുന്നു. എ.സി.ആർ, എ.എഫ്.എസ്. എന്നിവയിലെയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലേയും ചെലവുകൾ തമ്മിലുള്ള വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 95357358 | 126 | 51611918 | 0 | 62 | 67 |

33% പ്രോജക്ടുകൾ നടപ്പാക്കാത്തത് പദ്ധതി വിഹിതത്തിന്റെ ചെലവിൽ പഞ്ചായത്തിന്റെയും ഭരണസമിതിയുടെയും സവിശേഷ ശ്രദ്ധ ആവശ്യമാണെന്ന ചൂണ്ടിക്കാണിക്കുന്നു.

**അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ട് നിർവ്വഹണം**

തൻവർഷം മരാമത്ത് പ്രവൃത്തികൾക്കായി ആകെ 3,06,84,530/- രൂപ അടങ്കൽ നിശ്ചയിച്ചിരുന്നതിൽ 1,25,68,530/- രൂപ മാത്രമാണ് ചെലവഴിച്ചത്. ചെലവ് ശതമാനം 40.96.

2019-20വർഷം അംഗീകാരം വാങ്ങിയ 92 മരാമത്ത് പ്രവൃത്തികളിൽ 46 എണ്ണം മാത്രമാണ് നടപ്പാക്കിയത്. നടപ്പാക്കാത്ത 46 പ്രവൃത്തികളിൽ 6 സ്പിൽഓവർ പ്രവൃത്തികളുണ്ട്.

ചുവടെ ചേർക്കുന്നവ 2019-20 വർഷം നടപ്പാക്കാത്ത പ്രവൃത്തികളിൽ ഉൾപ്പെടുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നമ്പർ |
|---|---|---|
| 1 | പുതുമംഗലം സ്കൂളിൽ പ്രീ-പ്രൈമറി ക്ലാസ് മുറി നിർമ്മാണം | 70/20 |
| 2 | ആറ്റൂർ സ്കൂളിൽ ഓഫീസ് റൂം അറ്റകുറ്റപണികൾ | 83/20 |
| 3 | പുലിക്കോട് റോഡ് ഫോർമേഷൻ വാർഡ്-1 | 89/20 |
| 4 | അംഗനവാടികൾക്ക് ടാങ്ക്, മോട്ടോർ, പ്ലംബിംഗ് | 92/20 |
| 5 | ആറ്റൂർ മൃഗാശുപത്രിക്ക് ടോയ് ലറ്റ് | 93/20 |
| 6 | അംഗൻവാടികളിൽ ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് | 120/20 |
| 7 | കണ്ണയംകോട് വാലൻചേരി റോഡ് റീടാറിംഗ്(SO) | 131/20 |
| 8 | സ്കൂളുകളിൽ മാലിന്യ സംസ്കരണ സംവിധാനം - തുമ്പൂർമൂഴി മോഡൽ(SO) | 144/20 |
| 9 | മുളയ്ക്കലത്തുകാവ് എഫ്എച്ച്സിയുടെ പുനരുദ്ധാരണം(SO) | 146/20 |
| 10 | സ്പെഷ്യൽ യു.പി.എസ്. കിളിമാനൂർ, പി.വി.യു,പി.എസ് പുതുമംഗലം എന്നിവിടങ്ങളിൽ ടോയ് ലറ്റ് നിർമ്മാണം(SO) | 149/20 |
| 11 | വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾ | 169/20 |
| 12 | സ്കൂളുകളിൽ മാലിന്യ സംസ്കരണ സംവിധാനം - തുമ്പൂർമൂഴി മോഡൽ | 184/20 |

ക്രമ നമ്പർ 1,2,4,5,7,9,10 എന്നിവ സ്പിൽഓവറായി പൂർത്തീകരിച്ചതായും ക്രമ നമ്പർ 8, 12 എന്നിവ ശുചിത്വ മിഷന്റെ സാങ്കേതികാനുമതി ലഭിക്കാൻ കാലതാമസമുണ്ടായെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 07/09.09.2021ന്റെ മറുപടി). അംഗൻവാടികളിൽ ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്ന പ്രവൃത്തിക്ക് നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭിച്ചിട്ടില്ലായെന്നും ക്രമ നമ്പർ 3,11 എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും അതിനുശേഷം സ്ഥലത്തിലുണ്ടായ തർക്കങ്ങൾ മൂലവും കരാറുകാരൻ ചികിത്സയിലായിരുന്നതിനാലും പൂർത്തീകരിക്കാൻ സാധിച്ചില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭിക്കാതെ പ്രോജക്ട് രൂപീകരിച്ചതും പ്രവൃത്തി സ്ഥലങ്ങളിലെ തർക്കങ്ങൾ യഥാസമയം പരിഹരിക്കാതിരുന്നതും ന്യായീകരിക്കത്തക്കതല്ല. വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി മലിനീകരണം ഇല്ലാതാക്കൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ നടപ്പാക്കാതെ പോകുന്നതിലെ വീഴ്ച/ഉത്തരവാദിത്തമില്ലായ്മ എന്നിവ ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും വിശകലനം ചെയ്ത് പരിഹാരം കാണേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2277 | 1297713 | 1299990 | 1237559 | 62431 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 24763999 | 24763999 | 24763999 | 0 |
| ആകെ | 2277 | 26061712 | 26063989 | 26001558 | 62431 |

**(എ) ജി.എസ്.ടി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തിട്ടില്ല**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ കാലായ്ക്കോട് ഇടവഴി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല.

| പ്രവൃത്തി | എം. ബുക്ക് നം | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|
| കാലായ്ക്കോട് ഇടവഴി കോൺക്രീറ്റിംഗ് | 38/2019-20 | സനിൽ ട്രേഡേഴ്സ് | 384067.8552 രൂപ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിനം.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**(ബി) എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ നിർദ്ദേശം പാലിക്കുന്നില്ല.**

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2019-20 7.12.5 പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിനും, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവ് എടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ മുകളിൽ പ്രസ്താവിച്ചിട്ടുള്ള പ്രവൃത്തിയുടെ എം ബുക്കിൽ ഇപ്രകാരം അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോൾ ക്ലോസ് ചെയ്യുന്ന മുറയ്ക്ക് അളവുകൾ മെഷർ ചെയ്തതു സംബന്ധിച്ച മറ്റു രേഖകളും സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ ആകെ അളവ് രേഖപ്പെടുത്തി ബിൽ തയ്യാറാക്കുന്നതുമാത്രമാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കുലർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**(സി) സാധനങ്ങൾ വാങ്ങിയതിന്റെ രേഖപ്പെടുത്തലുകളിൽ സുതാര്യതയില്ല**

കാലായ്ക്കോട് ഇടവഴി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയ്ക്കായി സനിൽ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് താഴെപ്പറയും പ്രകാരം സാധനങ്ങൾ വാങ്ങിയതായി രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ

ചേർക്കുന്നു.

| ഇനം | റീട്ടെയിൽ ഇൻവോയിസ് നമ്പർ | യൂണിറ്റ് വില | അളവ് (കരാറുകാരന്റെ റീട്ടെയിൽ ഇൻവോയിസ് പ്രകാരം) |
|---|---|---|---|
| 40MM Metal | 8 /19.8.2019) | 1490 | 37.05$M^3$ |
| 20MM Metal | 9(തീയതി രേഖപ്പെടുത്തിയിട്ടില്ല) | 1520 | 32.77$M^3$ |
| Coarse Sand Zone III | 10(തീയതി രേഖപ്പെടുത്തിയിട്ടില്ല) | 2410 | 39.47 |
| Cement | 12(തീയതി രേഖപ്പെടുത്തിയിട്ടില്ല) | 8500 | 18.81 |
| 10 MM Metal | 13(തീയതി രേഖപ്പെടുത്തിയിട്ടില്ല) | 1620 | 6.27 |

എന്നാൽ ഈ ഇനങ്ങളുടെ മെഷർമെന്റ്സംബന്ധിച്ച് എം.ബുക്കിൽ രേഖപ്പെടുത്തലുകളൊന്നും തന്നെയില്ല. കൂടാതെ കരാറുകാരൻ ലഭ്യമാക്കിയ റീട്ടെയിൽ ഇൻവോയിസുകളിൽ പെൻസിൽ ഉപയോഗിച്ചാണ് രേഖപ്പെടുത്തലുകൾ വരുത്തിയിരിക്കുന്നത്. അതിനാൽ തന്നെ വാങ്ങിയ സാധനങ്ങളുടെ കൃത്യതയുംആധികാരികതയും ഉറപ്പാക്കാനായിട്ടില്ല. മെഷർമെന്റുകൾ എം.ബുക്കിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും സർക്കാർ ഖജനാവിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുക (1-6) | സ്ഥാപനം ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | |
| തൊഴിൽ രഹിതവേതനം | 342000 | 342000 | 261 |
| കർഷകതൊഴിലാളി പെൻഷൻ | 2081400 | 765600 | 326 |
| വാർദ്ധക്യകാലപെൻഷൻ | 11119200 | 4318200 | 1842 |
| വികലാംഗപെൻഷൻ | 1459600 | 559000 | 232 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 161400 | 62400 | 27 |
| വിധവാ പെൻഷൻ | 5899800 | 2295600 | 1014 |

**എ) ഗുണഭോക്താക്കളുടെ മരണ ശേഷവും പെൻഷൻ വിതരണം ചെയ്തു**

2019-2020 സാമ്പത്തികവർഷത്തിൽ കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ വിവരവും സേവന സോഫ്റ്റ് വെയറും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ പെൻഷൻ, മരണശേഷവും വിതരണം ചെയ്തതായി കാണുന്നു.

| ക്രമ | ആധാർ നമ്പർ | പേര് | പെൻഷൻ | മരിച്ച | അധികമായി | അധികമായി |
|---|---|---|---|---|---|---|

| നമ്പർ | | | | തീയതി | കൈപ്പറ്റിയ കാലയളവ് | കൈപ്പറ്റിയ തുക |
|---|---|---|---|---|---|---|
| 1 | 456855742116 | ആർ വാസു | കർഷകതൊഴിലാളി പെൻഷൻ | 13/04/2019 | 05/19 മുതൽ 07/19 വരെ 3 മാസം | 3600 |
| 2 | 319046219666 | ബാലകൃഷ്ണൻ നായർ എസ്. | വാർദ്ധക്യ കാല പെൻഷൻ | 14/06/2019 | 07/2019 1 മാസം | 1200 |
| 3 | 635018543670 | അബ്ദുൾ റഷീദ് എം | വാർദ്ധക്യ കാല പെൻഷൻ | 03/06/2019 | 07/2019 | 1200 |
| 4 | 753646381659 | സുകുമാരൻ ആചാരി | വാർദ്ധക്യ കാല പെൻഷൻ | 17/06/2019 | 07/2019 | 1200 |
| | | | | | **ആകെ** | **7200/-** |

തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 37/17.09.21ന്റെ മറുപടി). പ്രസ്തുത തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ബി) <u>തൊഴിൽ രഹിത വേതന രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകത</u>**

2019-2020 സാമ്പത്തിക വർഷത്തിലെ തൊഴിൽ രഹിത വേതന രജിസ്റ്റർ അപൂർണമായിട്ടാണ് പരിപാലിച്ചിരിക്കുന്നത്. ഫോട്ടോ, ജനന തീയതി , അപേക്ഷകന്റെ വിവരണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | റോൾ നമ്പർ | അപാകത |
|---|---|---|---|
| 1 | തുഷാര റ്റി. ഐ. | 904 | ഫോട്ടോയില്ല |
| 2 | സൗമ്യ സി. എസ്. | 824 | ജനന തീയതി, ഫോട്ടോ എന്നിവയില്ല. |

ഫോട്ടോ, ജനന തീയതി, അപേക്ഷകന്റെ പൂർണ്ണവിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-8 ക്യാഷ് പരിശോധന</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.09.2021, 10.30AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13159/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## <u>1-9 ആഭ്യന്തര നിയന്ത്രണം</u>

**1)** ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ സുതാര്യതയില്ലായ്മയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫയൽ സൂക്ഷിപ്പിലെ അശ്രദ്ധയും ഓഡിറ്റിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

**2)** തനത് വരുമാന വർദ്ധനവിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയുണ്ട്. വസ്തുനികുതിയുടെ കൃത്യവും സമയബന്ധിതവുമായ ഈടാക്കൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**3)** ഗുണഭോക്താക്കളുടെ മരണശേഷവും ക്ഷേമ പെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ട്.

**4)** ഗ്രാമസഭ മിനിട്സുകൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധ അനിവാര്യമാണ്.

**5)**തെരുവ് വിളക്കുകളുടെ പരിപാലനം, അങ്കണവാടി പോഷകാഹാര വിതരണം, യുവജനക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം എന്നിവയിൽ വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടില്ല.

**6)** പദ്ധതി ഫണ്ട് പൂർണമായും ഫലപ്രദമായും ചെലവഴിക്കുന്നതിൽ ജാഗ്രതക്കുറവ്. 33% തുക ചെലവഴിക്കാതെ ബാക്കിയായിട്ടുണ്ട്.

**7)** ആസ്തി സംരക്ഷണത്തിന് പദ്ധതി തയ്യാറാക്കേണ്ടത് അനിവാര്യം.

**8)** പദ്ധതി നടത്തിപ്പ്, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ആനുകൂല്യം എന്നിവയിൽ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## <u>1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.10.2019 | 09/2019 | 04.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.2018 മുതൽ 06.09.2018 വരെ | 2013-14 മുതൽ 2017-18 വരെ | 17.10.2018 |

## 1-11 ലൈസൻസ് അപേക്ഷകളിലെ അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 5(എ) പ്രകാരം ഫോറം നമ്പർ 1-ൽ അനുബന്ധരേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണമെന്ന് നിഷ്കർശിച്ചിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും നിക്ഷേപ തുക രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സെക്രട്ടറി സാക്ഷ്യപ്പെടുത്താത്ത അപേക്ഷകളും, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടില്ലാത്ത അപേക്ഷകളുമുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**1. നിക്ഷേപ തുക രേഖപ്പെടുത്താത്ത അപേക്ഷകൾ**

| ക്രമ നമ്പർ | വാർഡ് നമ്പർ | അപേക്ഷകന്റെ പേര്/ മേൽവിലാസം | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 2 | ലളിത, കടയിൽ വീട്, പനപ്പാംകുന്ന്. | ദേവി ഹോട്ടൽ |
| 2 | 2 | രമാദേവി.ഐ.പി, ശ്രുതി, പനപ്പാംകുന്ന്. | ഗുരുകൃപ റബ്ബർ ട്രേഡേഴ്സ് |
| 3 | 3 | ശാർങ്ങധരൻ, ശ്രുതി, മലയ്ക്കൽ.പി.ഒ | ആയുർവേദ മരുന്നു വില്പന |
| 4 | 15 | ഹനൻ സഫീർ &സഫീർ അബ്ദുൽ സലാം<br>സമീന മൻസിൽ<br>ഇടവൂർക്കോണം,പി.സി.മുക്ക്,കല്ലമ്പലം | സൈബർ ക്ലൗഡ് ഐ.റ്റി സെല്യൂഷൻസ്. |
| 5 | 10 | കീർത്തി .എം.ആർ<br>മംഗളാലയം<br>വെട്ടിയോകോണം, കാനാറ, കിളിമാനൂർ | എൽ.ഇ.ഡി പ്ലാസ |
| 6 | 5 | അജിത്ത്കുമാർ.എസ്.<br>എ.എസ്.ഹൗസ്, മുളയ്ക്കലത്ത്കാവ് | പലചരക്ക് കട |
| 7 | 13 | ബിനു .സി,<br>നിതിൻ ഭവൻ, അലത്തുകാവ്, വേങ്ങനാട് | കോഴി വളർത്തൽ |
| 8 | 14 | സുരേഷ് .ആർ.<br>ആരാമം, പോങ്ങനാട്, കിളിമാനൂർ. | ആരാമം ജുവല്ലറി |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 8 നുള്ള മറുപടിയിൽ ഭാവിയിൽ ലഭിക്കുന്ന അപേക്ഷകളിൽ നിക്ഷേപ തുക കൂടി രേഖപ്പെടുത്തി സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

**2. സെക്രട്ടറി സാക്ഷ്യപ്പെടുത്താത്ത അപേക്ഷകൾ**

| ക്രമ നമ്പർ | വാർഡ് നമ്പർ | അപേക്ഷകന്റെ പേര്/ മേൽവിലാസം | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 14 | നജീബ്ഖാൻ<br>റഹ്മത്ത്,തൊക്കാട്,വടശ്ശേരിക്കോണം | ഷാമി മെഡിക്കൽസ് |
| 2 | 14 | ജയശ്രീ. ജി. കെ. | ദേവി ക്ലിനിക്കൽ |

| | | | |
|---|---|---|---|
| | | പുത്തൻവീട്, പഴയചന്ത, പോങ്ങനാട് | ലാബ് |
| 3 | 14 | വാസുദേവൻ<br>വലിയവിള വീട്, പോങ്ങനാട് | വസന്ത ഓയിൽ മിൽ |
| 4 | 9 | ഭുവനേന്ദ്രൻ. ഡി.<br>കല്യാണി ഭവൻ, കുന്നമ്മേൽ , കിളിമാനൂർ | താന്നിമൂട് തേങ്ങ ആട്ട മിൽ |
| 5 | 7 | സബീന.എ<br>ഫാത്തിമ മൻസിൽ, അത്തൂർ, മുളയലത്തുകാവ് | സബീന പൗൾട്രി ഫാം |
| 6 | 9 | ഷീജ.കെ.പി<br>സംഗമം, നെടുമ്പറമ്പ്, ആലംക്കോട് | എലഗന്റ് ബ്യൂട്ടി പാർലർ |
| 7 | 10 | ബേബി കുമാർ<br>ഐശ്വര്യ, വളാഞ്ചേരി, കിളിമാനൂർ | വെസ്റ്റേൺ സിമന്റ് ബ്ലോക്ക് |
| 8 | 15 | ബീന രാമചന്ദ്രൻ<br>ശ്രീവത്സം, പോങ്ങനാട്.പി.ഒ | റൈസ് മിൽ |
| 9 | 10 | അനിത.എസ്<br>വിജയ സദനം, പുതിയകാവ്, കിളിമാനൂർ | സ്റ്റേഷനറി |
| 10 | 14 | മധു.വി<br>ചാരുവിള പുത്തൻ വീട്, പാങ്ങോട്ടുകോണം | കുഞ്ഞാറ്റ ടീ ഷാപ്പ് |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 8 നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

**3. <u>അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടില്ലാത്ത അപേക്ഷകൾ.</u>**

| ക്രമ നമ്പർ | വാർഡ് നമ്പർ | അപേക്ഷകന്റെ പേര്/ മേൽവിലാസം | സ്ഥാപനം |
|---|---|---|---|
| 1 | 14 | നസീർ.എൻ<br>എൻ.എസ് വില്ല,തകരപ്പറമ്പ് | ബേക്കറി |
| 2 | 10 | ഷൈജ്<br>തുമ്പോട്ട് പുത്തൻവീട്,പുതിയകാവ് | ബേക്കറി |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 8 നുള്ള മറുപടിയിൽ അന്വേഷണ ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ടുകൾ വാങ്ങി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

ലൈസൻസ് നൽകുന്ന നടപടിക്രമങ്ങളിലെ അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ലൈസൻസിലെ കൃത്യത വരുമാന വർദ്ധനവിലും പഞ്ചായത്ത് പരിധിയിലെ ആരോഗ്യ പരിസ്ഥിതി പരിപാലനത്തിലും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

## <u>1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിട്ടില്ല</u>

സഞ്ചയയിൽ വസ്തു നികുതി പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

| വാർഡ് നമ്പർ/ | ഉടമസ്ഥന്റെ | അടവാക്കുവാനുള്ള |
|---|---|---|

| കെട്ടിട നമ്പർ | വിവരം | കാലയളവ് |
|---|---|---|
| 10/168 | Reliance Infra Tile Ltd | 2018-19 I Half മുതൽ |

പ്രസ്തുത തുക ഈടാക്കുവാൻ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ച നടപടി വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 11 നുള്ള മറുപടിയിൽ 2018-19 മുതലുള്ള നികുതി അടക്കുന്നതിന നോട്ടീസ് നൽകിയിട്ടുണ്ടെന്ന അറിയിച്ചിരിക്കുന്നു.

നികുതി തുക ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി -അപാകതകൾ

വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറും സഥാപനം ഹാജരാക്കിയ രേഖകളും അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. വസ്തു നികുതി നിർണയം- അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.**

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11(1) (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നതുമായ വസ്തു നികുതി റിട്ടേൺ 10 -ാം ചട്ടം രണ്ടാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം 2 ൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ചട്ടത്തിലെ ചട്ടം 12 (4) അനുശാസിക്കും പ്രകാരം കെട്ടിട ഉടമ വസ്തു നികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി/അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആറ് മാസത്തിനകം സ്ഥലം സന്ദർശിച്ച് ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കി ആവശ്യമായ വിവരങ്ങൾ ഫോറം നമ്പർ 6 ൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് വസ്തു നികുതി നിർണയം നടത്തി വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ Updation നടത്തേണ്ടത്. എന്നാൽ ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് വിവരം | അപാകത |
|---|---|---|---|
| 1 | 8/238/E | പ്രശാന്തൻ, ശ്രീവത്സം വിളക്കോട്ടുകോണം,കിളിമാനൂർ | ഫോം 2 ൽ മേഖല ,കെട്ടിടത്തിന്റെ തറ വിസ്തീർണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 9/526/B | അനിൽകുമാർ,ഗിരീഷ് വട്ടപ്പാറപുത്തൻ വീട്, തട്ടത്തുമല,കിളിമാനൂർ | ഫോം 2 ൽ മേഖല ,കെട്ടിടത്തിന്റെ തറ വിസ്തീർണം,റോഡിന്റെ തരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 3 | 13/50/B | രമേഷ്,ആര്യ.എൽ .സുരേഷ് കുന്നതാഴികത്ത് വീട്, ആലത്തുകാവ്,പോങ്ങനാട് | ഫോം 6 ഫയലിൽ ലഭ്യമല്ല. ഫോം 2 ൽ മേഖല, കെട്ടിടത്തിന്റെ തറ വിസ്തീർണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | 5/119/A | അനി.എസ്. ഷാജി വിലാസം,അടുർ | ഫോം 2 ൽ മേഖല, കെട്ടിടത്തിന്റെ തറ വിസ്തീർണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 5 | 15/87/B | സുമയ്യാബീവി എസ്.എസ്. ഹൗസ്, ഉള്ളൂർക്കോണം,പോങ്ങനാട് | -Do- |
| 6 | 6/41/B | ജയന്തി.വി.കെ കളിയിൽ പണവീട്,അടുർ | ഫോം 6 ഫയലിൽ ലഭ്യമല്ല. ഫോം 2 ൽ മേഖല, കെട്ടിടത്തിന്റെ തറ |

| | | | | |
|---|---|---|---|---|
| | | | | വിസ്തീർണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 35 നുള്ള മറുപടിയിൽ 2 മാസത്തിനകം ഫീൽഡ് പരിശോധന നടത്തി ഫോം 6 പൂരിപ്പിച്ച് സോഫ്റ്റ് വെയറിൽ മാറ്റം വരുത്താമെന്ന അറിയിച്ചിരിക്കുന്നു.

അവശ്യമായ രേഖകൾ, രേഖപ്പെടുത്തലുകൾ എന്നിവയുള്ള അപേക്ഷകൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**2.<u>വസ്തു നികുതി മേഖലാ വിഭജനം സംബന്ധിച്ച മാപ്പ് തയ്യാറാക്കിയിട്ടില്ല.</u>**

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വിവിധ മേഖലകളാക്കി തരം തിരിക്കേണ്ടതും ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന മാപ്പ് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം 36 നുള്ള മറുപടി പ്രസ്തുത മാപ്പ് തയ്യാറാക്കിയിട്ടില്ലായെന്നും ഉടൻ തയ്യാറാക്കുമെന്നും അറിയിച്ചിരിക്കുന്നു.

പ്രസ്തുത മാപ്പ് തയ്യാറാക്കിആയതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണയം നടത്തേണ്ടതാണ്.

**3. <u>സമീപ പ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലകൾ നൽകി നികുതി ഈടാക്കിയിരിക്കുന്നു.</u>**

2019-20 സാമ്പത്തിക വർഷത്തിലെ വസ്തു നികുതി വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ സമീപ പ്രദേശത്തെ കെട്ടിടങ്ങൾ വ്യത്യസ്ഥ മേഖലകൾ നൽകി നികുതി ഈടാക്കിയിരിക്കുന്നു.

വാർഡ് 8 (മലയാമഠം) ലെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് വിവരം | മേഖല |
|---|---|---|---|
| 1 | 8/6 | സനൽകുമാർ, മുത്തിനാട് വീട്, മലയാമഠം, കിളിമാനൂർറോഡ് -മലയാമഠം, മണ്ഡപം ക്ഷേത്രം | ത്രീതീയം |
| | 8/7 | സുനിൽകുമാർ, ആതിര, മലയാമഠം, കിളിമാനൂർ റോഡ് -മലയാമഠം,മണ്ഡപം ക്ഷേത്രം | ദ്വിതീയം |
| 2 | 8/149 | പ്രിജി, നന്ദനം, കടമ്പാട്ടുകോണം, കിളിമാനൂർ റോഡ്- ചെട്ടിക്കുന്നിൽ ഇടവഴി | ദ്വിതീയം |
| | 8/149 A | പ്രിജി, നന്ദനം, കടമ്പാട്ടുകോണം, കിളിമാനൂർ റോഡ്- ചെട്ടിക്കുന്നിൽ ഇടവഴി | ത്രീതീയം |
| 3 | 8/252 | ശിവദാസൻ ചിറ്റഴികത്ത് വീട്, വിളയ്ക്കാട്ടുകോണം, കിളിമാനൂർ. റോഡ് -മറ്റപള്ളി ഇടവഴി | പ്രഥമം |
| | 8/253 | ശിവദാസൻ ചിറ്റഴികത്ത് വീട്, വിളയ്ക്കാട്ടുകോണം, കിളിമാനൂർ. റോഡ് -മറ്റപള്ളി ഇടവഴി | ദ്വിതീയം |
| 4 | 8/343 | രവീന്ദ്രൻപിള്ള, ആർ.വി.നിവാസ്, വിളയ്ക്കാട്ടുകോണം, കിളിമാനൂർ. റോഡ്-കടമ്പാട്ടുകോണം റോഡ് | ദ്വിതീയം |
| | 8/343/A | വത്സലകുമാരി, ഓംഹരി, വിളയ്ക്കാട്ടുകോണം, കിളിമാനൂർ. റോഡ്-കടമ്പാട്ടുകോണം റോഡ് | പ്രഥമം |
| 5 | 8/605 | ഷീബ, ശ്രീനിലയം, വാലാഞ്ചേരി റോഡ് -കണ്ണയംകോട് വാലഞ്ചേരി മലയാമടം റോഡ് | ദ്വിതീയം |
| | 8/605/A | രാജേന്ദ്രൻ, ശ്രുതി ഭവൻ, ദേവേശ്വരം റോഡ്-രേഖപ്പെടുത്തിയിട്ടില്ല. | പ്രഥമം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 25 ന് മറുപടി ലഭ്യമാക്കിയില്ല.

വാർഡുകൾ കൃത്യമായി തിരിച്ച് മേഖല വിഭജനം നടത്തി പ്രസിദ്ധീകരിച്ച് നികുതി നിർണയം കുറ്റമറ്റതാക്കി രേഖപ്പെടുത്തലുകളിൽ മാറ്റം വരുത്തേണ്ടതാണ്.

**4.<u> മിസ്സിംഗ് നമ്പരുകൾ കണ്ടെത്തി നികുതി നിർണ്ണയം നടത്തേണ്ടതാണ്.</u>**

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിൽ നിന്നും 4 വാർഡുകൾ തെരഞ്ഞെടുത്ത് നടത്തിയ സഞ്ചയ സ്റ്റേറ്റ്മെന്റിന്റെ പരിശോധനയിൽ ചുവടെ പരാമർശിക്കുന്ന കെട്ടിട നമ്പരുകൾ ഉൾപ്പെട്ട് കാണുന്നില്ല.

| വാർഡ് നം | കെട്ടിട നമ്പർ |
|---|---|
| 1/മലയ്ക്കൽ | 32, 91, 92, 121, 127, 292, 357, 424, 447 -453. |
| 2/ പനപ്പാംകുന്ന് | 15, 20, 36, 48, 53, 59, 65, 69, 71, 74-75, 78, 82-83, 87, 111, 114, 138, 158-159, 180-184, 202, 211-213, 222-223, 230, 237, 241, 247, 268, 293, 350-351, 368, 370-371, 373, 428, 439, 462, 483, 487. |
| 3/വിളങ്ങര | 11, 32, 50, 98, 113-117, 119, 137, 148, 151, 155-156, 160, 163, 168, 171, 173-175, 183, 186-187, 191, 198, 226-227, 232, 238, 319, 322, 338, 372-373, 384-530 |
| 4/ പുതുമംഗലം | 45, 66, 71, 79, 83, 90-92, 99-100, 108, 111, 114, 126, 142, 151, 175, 181, 225-226, 232, 234, 238, 258, 264, 266, 270, 276, 278-279, 281-282, 286, 335, 374, 382, 434, 456, 484, 504, 508, 523, 528, 552, 555-556 |

വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം 24 നുള്ള മറുപടിയിൽ പ്രസ്തുത നമ്പരുകളെ സംബന്ധിച്ച് പരിശോധന നടത്തി പ്യൂരിഫിക്കേഷൻ പ്രോസസ് ഓപ്പൺ ആകുന്ന പ്രശ്നം പരിഹരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.പ്രസ്തുത നടപടി അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

**5. <u>വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്</u>.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203(4) പ്രകാരം ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഒരു വർഷം 5% നിരക്കിൽ 25% വർദ്ധനവ് വരുത്തി വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണെന്നിരിക്കെ അത്തരത്തിൽ നികുതി പരിഷ്കരിച്ചിട്ടില്ല.

സർക്കാർ ഉത്തരവുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പഞ്ചായത്തിനു വസ്തു നികുതി പരിഷ്കരണം നടത്തുവാൻ കഴിയുകയുള്ളൂ എന്ന മറുപടി (ഓഡിറ്റ് എൻക്വയറി നം 27)ലഭ്യമാക്കി.

വസ്തു നികുതി പരിഷ്കരണം നടത്തുന്നതിനായി പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച നടത്തി പഞ്ചായത്തിന്റെ തനതു വരവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

**6.<u>കെട്ടിടത്തിന്റെ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണയിക്കൽ എന്നിവ ഒറ്റ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.</u>**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണയിക്കൽ തുടങ്ങിയവയെല്ലാം ഒറ്റ ഫയലായി കൈകാര്യം ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം നൽകിയ എല്ലാ പെർമിറ്റ് ഫയലുകളും നമ്പറിംഗ് ഫയലുകളും വ്യത്യസ്ത ഫയലുകളിലാണ് കൈകാര്യം ചെയ്തിരിക്കുന്നത്.

ഭാവിയിൽ അത്തരത്തിൽ ഒറ്റ ഫയലാക്കി സൂക്ഷിക്കാമെന്ന ഓഡിറ്റ് എൻക്വയറി നം 34 നുള്ള മറുപടി ലഭ്യമാക്കിയിരിക്കുന്നു.

പ്രസ്തുത വിഷയത്തിൽ സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-14 ട്യൂട്ടോറിയൽ സ്ഥാപനം രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു</u>

1999-ലെ കേരള പഞ്ചായത്ത്രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി പുതുക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ട്യൂട്ടോറിയൽ സ്ഥാപനം രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. നിലവിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത സ്ഥാപനം പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ എടുത്തിട്ടില്ലായെന്നും ഓഡിറ്റ് എൻക്വയറിക്ക്(നം 36 ) മറുപടി ലഭ്യമാക്കി.

രജിസ്ട്രേഷനില്ലാതെ സ്ഥാപനം പ്രവർത്തിച്ചത് പഞ്ചായത്തിന്റെ വീഴ്ചയായി കണക്കാക്കുന്നു. പ്രസ്തുത സ്ഥാപനത്തിനു രജിസ്ട്രേഷൻ നൽകി വർഷാവർഷങ്ങളിൽ ആയതു പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-15 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല</u>

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ 04/09.09.2021) വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായി ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കുകയും ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അംഗീകരിക്കുകയും ചെയ്യുന്നുവെന്നും ഇപ്രകാരം അംഗീകരിച്ച പ്രോജക്ടുകളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതെന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, 10.01.2019ന് ശേഷം നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം നടന്നിട്ടില്ല. തയ്യാറാക്കി അംഗീകാരം വാങ്ങിയ ആസ്തി സംരക്ഷണ പദ്ധതി ലഭ്യമാക്കിയില്ല. മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആസ്തിസംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 പരിസ്ഥിതി സംരക്ഷണം - നടപടികൾ ഊർജ്ജിതമാക്കണം

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പൂർണമായി പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

**1)** ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.

**2)** ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.

**3)** ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

**4)** LSGDഎഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരെയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപ്പാക്കണം.

സംരക്ഷിക്കപ്പെടേണ്ട കാവുകളുടെ പട്ടിക തയ്യാറാക്കുന്നതാണെന്നും സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും കണക്കുകൾ ജൈവ വൈവിധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ02/09.09.2021ന്റെ മറുപടി). പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

## 1-17 ഗ്രാമസഭകളുടെ സംഘാടനത്തിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണെന്നും അങ്ങനെയുള്ള യോഗങ്ങളിൽ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും ജില്ല പഞ്ചായത്ത് അംഗത്തെയും നിയമസഭ അംഗത്തെയും നിർബന്ധമായും ക്ഷണിക്കേണ്ടതാണ്. ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പരാമർശിച്ചിട്ടുള്ള സെക്ഷൻ 3എയിലെ ഉപവകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ പെർഫൊമൻസ് ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല.

1) മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | യോഗങ്ങൾ ചേർന്ന തീയതികൾ | |
|---|---|---|
| 1 | 26.08.19 | 18.01.20 |
| 2 | 26.08.19 | 25.01.20 |
| 5 | 28.08.19 | 22.01.20 |
| 6 | 30.08.19 | 21.01.20 |
| 8 | 31.08.19 | 21.02.20 |
| 11 | 29.08.19 | 11.02.20 |

| | | |
|---|---|---|
| 14 | 28.08.19 | 15.01.20 |

നിർബന്ധമായും മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 06/09.09.2021ന്റെ മറുപടി)

2)ഗ്രാമസഭ യോഗങ്ങളിൽ ബ്ലോക്ക്/ജില്ല പഞ്ചായത്ത്, നിയമസഭ അംഗങ്ങൾ പങ്കെടുത്തിട്ടില്ല. അംഗങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

3) ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയുടെ പരിഗണനക്ക് വരുന്നില്ല.

4)ഭൂരിഭാഗം മിനിട്സുകളിലും പൂർണമായ രേഖപ്പെടുത്തലുകളില്ല. ഗ്രാമസഭ നടന്ന തീയതി, തീരുമാനങ്ങൾ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി 12-ാംവാർഡിലെ (ദേവേശ്വരം, കോ-ഓർഡിനേറ്റർ ശ്രീമതി ദേവികൃഷ്ണ) മിനിട്സ് പേജ് നമ്പർ 126. കോ-ഓർഡിനേറ്റർമാർക്ക് കർശന നിർദ്ദേശം നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമസഭകൾ നിയമ പ്രകാരം സംഘടിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-18 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ-രജിസ്റ്റർ പരിപാലിക്കുന്നില്ല

കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 235(എ.എ) (4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ രജിസ്റ്റർ പരിപാലിക്കണം. എന്നാൽ അത്തരത്തിലുള്ള രജിസ്റ്റർ സ്ഥാപനം പരിപാലിക്കുന്നില്ല. പ്രസ്തുത കെട്ടിടങ്ങളുടെ തരം, വിസ്തീർണ്ണം, നികുതി നിർണയം, നിലവിലത്തെ സ്ഥിതി എന്നിവ പരിശോധിക്കുവാൻ ഫയലുകൾ ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം 36) ആയതു ഹാജരാക്കാമെന്ന അറിയിക്കുകയും നിലവിൽ സഞ്ചയയിൽ നിന്നുള്ള പ്രിന്റാണ് ഹാജരാക്കിയത്.

സർക്കാർ ഉത്തരവ് നം (എം.എസ്)170/2016 തസ്വഭവ തീയതി 16.11.2016ലെ ഉത്തരവ് (3) പ്രകാരം UA നമ്പർ നൽകുന്ന വീടുകളുടെ പൂർണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോയെടുത്ത് പഞ്ചായത്ത് അധികൃതർ ഒരു രജിസ്റ്ററിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. എന്നാൽ അത്തരത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും നടപടിയുണ്ടായിട്ടില്ല.

അടുത്ത ഓഡിറ്റ് വേളയിൽ ഫയലുകൾ ഹാജരാക്കുവാനുള്ള നടപടി പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടാകേണ്ടതാണ്. കൂടാതെ സർക്കാർ ഉത്തരവ് നം (എം,എസ്) 170/2016 തസ്വഭവ തീയതി 16.11.2016ലെ ഉത്തരവ് (3) പ്രകാരമുള്ള രജിസ്റ്ററും പരിപാലിച്ച് ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ്. സ്ഥാപനം ഹാജരാക്കിയ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | CEC Panappamkunnu |
| 2 | Milk Society Panappamkunnu |
| 3 | KV Clinic ,Ponganadu |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 20 നുള്ള മറുപടിയിൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്നുള്ള വിവരം ലഭ്യമാക്കി.

തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 സേവന ഉപനികുതി-ഈടാക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തുനികുതിയുംസേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 26, 27 എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ്

207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 26ന് ലഭ്യമാക്കിയ മറുപടിയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനങ്ങൾ താമസിക്കുന്ന പഞ്ചായത്തായതിനാൽ നിലവിൽ പഞ്ചായത്ത് കമ്മിറ്റി സേവന നികുതി ഈടാക്കുന്നതിനെപ്പറ്റി തീരുമാനം എടുത്തിട്ടില്ലായെന്നാണ് അറിയിച്ചിട്ടുള്ളത്. വരുമാന വർദ്ധനവിലുപരിയായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കാവുന്നതാണ്.

## 1-21 കരാർ അടിസ്ഥാനത്തിൽ ഡോക്ടർ നിയമനം- സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO073/20 |
| പേര് | എഫ്.എച്ച്.സിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നഡോക്ടർക്ക് വേതനം നൽകൽ- |
| അടങ്കൽ | വികസനഫണ്ട്369000 |
| ചെലവ് | ബിൽ നം. 33/2.3.20-35000<br>ബിൽ നം. 31/30.1.2020-4100<br>21/1.1.2020-41000<br>22/1.1.2020-41000<br>23/1.1.2020-41000<br>10/6.9.2019-35000<br>8/21.8.2019-35000<br>35/30.3.2020-13036<br>13/1.10.2019-53000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ. എഫ്.എച്ച്.സി |

എഫ്.എച്ച്.സിയിൽ ഡോക്ടർമാരുടെ സേവനം ഉച്ച കഴിഞ്ഞും വൈകുന്നേരങ്ങളിലും ലഭ്യമാക്കുന്നതിനായി പുതിയതായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർക്ക് വേതനം നൽകുന്നതിനായി മാസം 41000/- രൂപ നിരക്കിൽ 9 മാസത്തേയ്ക്ക് 369000/- രൂപ വകയിരുത്തി ആവിഷ്കരിച്ചിരുന്ന പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

**1.** തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് സർക്കുലർ നം. 210/ഡി.ബി/18/ത.സ്വ.ഭ.വ പ്രകാരം പി.എച്ച്. സി, സി.എച്ച്.സി എന്നിവയുടെ പ്രവർത്തനസമയം ദീർഘിപ്പിക്കുന്നതിലേയ്ക്കായി ഡോക്ടർമാരെ ജില്ലാതലത്തിൽ ജില്ലാകളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ എന്നിവരടങ്ങുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി എടുക്കേണ്ടതാണ്. അതാതു തദ്ദേശഭരണസ്ഥാപനത്തിൽ പ്രത്യേകമായി ഇന്റർവ്യൂ നടത്തി ഡോക്ടർമാരെ എടുക്കാവുന്നതല്ല. ലഭ്യമാക്കിയ ഫയൽ

പ്രകാരം 29.6.2019ൽ പത്രപ്പരസ്യം മുഖേന ഹാജരായ ഉദ്യോഗാർത്ഥികളിൽനിന്ന് സ്ഥാപനത്തിൽ തന്നെ ഇന്റർവ്യൂ നടത്തി ഡോ.അർച്ചന ഉദയനെ അസിസ്റ്റന്റ് സർജനായി തെരഞ്ഞെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. പത്രപ്പരസ്യം നൽകിയതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. ഇന്റർവ്യൂ നടത്തിയ കമ്മിറ്റിയിൽ ആരെല്ലാം പങ്കെടുത്തു എന്ന് ഫയലിൽ വ്യക്തമല്ല. കൂടാതെ തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പിന്റെ സർക്കുലർ പ്രകാരമുള്ള നിർദ്ദേശവും ലംഘിച്ചതായി കാണുന്നു. മെഡിക്കൽ ഓഫീസർ ഇൻ-ചാർജ്ജ് 4.6.2019ൽ സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ 3.6.2019ൽ ഡോ. അർച്ചന ഉദയൻ ജോലിയിൽ പ്രവേശിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. 29.6.2019ൽ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കപ്പെട്ട ഡോ. അർച്ചന ഉദയൻ എപ്രകാരമാണ് 3.6.2019ൽ ജോലിയിൽ പ്രവേശിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല.

**2.** 31.1.2020ൽ ഡോ. അർച്ചന ഉദയൻ ജോലി രാജി വച്ചതിനാൽ 4.2.2020ൽ പത്രപ്പരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് 4.2.2020ൽ ഇന്റർവ്യൂനടത്തി ഡോ. പാർവതി എസ്. കുമാറിനെ തെരഞ്ഞെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. പത്രപ്പരസ്യത്തിന്റെ വിശദാംശം ലഭ്യമല്ല. പ്രസ്തുത തിരഞ്ഞെടുപ്പ് 6.2.2020ലെ 6(1) ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർ ഇൻ-ചാർജ്ജിന്റെ 6.2.2020ലെ നടപടിക്രമങ്ങൾ 49/2020/FHCK Dated 6.2.2020 പ്രകാരം കൺസോളിഡേറ്റഡ് പേ ആയി 42000/- രൂപയാണ് വേതനം എന്നും എന്നാൽ അറ്റൻഡൻസിന്റെ അടിസ്ഥാനത്തിൽ മാത്രമേ വേതനം നൽകുകയുള്ളൂവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടിൽ മാസം 41000/-രൂപ രൂപ വേതനം നിശ്ചയിക്കുകയും എന്നാൽ ഡോ. പാർവതി.എസ്. കുമാറിന് 42000/- രൂപ രൂപ വേതനം നിശ്ചയിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## <u>1-22 ചെലവു രേഖകൾ സുലേഖയുമായി പൊരുത്തപ്പെടുന്നില്ല.</u>

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ ലഭ്യമാക്കിയ ചെലവു രേഖകൾ സുലേഖയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

**1)യഥാർത്ഥ ചെലവ് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | SO0176/20 |
| പേര് | എഫ്.എച്ച്.സിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നനഴ്സിന് വേതനം നൽകൽ- |
| അടങ്കൽ | തനത് ഫണ്ട് 1,89,000/- |
| ചെലവ് | ചെക്ക് നം. 3777492/9.10.2019-63000<br>3777499/2.11.2019-21000<br>712627/6.12.19-21000<br>712630/30.12.20-21000<br>850055/10.2.20-21000<br>509761/12.3.20-21000<br>509769/31.3.20-21000<br>ആകെ 1,89,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ. എഫ്.എച്ച്.സി |

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച തുക 1,47,000/- രൂപയാണ്. ആയതും ലഭ്യമാക്കിയ ചെലവു രേഖയുമായി പൊരുത്തപ്പെടുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2)**എഫ്.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ - ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | SO046/20 |

| | |
|---|---|
| പേര് | എഫ്.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് 5,00,000/-<br>തനതു ഫണ്ട് 1,00,000/- |
| ചെലവ് | ബിൽ നം.16/25.10.2019-150000<br>7/2.8.2019-150000<br>19/16.12.2019-50000<br>ചെക്ക് നം. 0509765/19.3.2020-100000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ. എഫ്.എച്ച്.സി |

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം മെയിന്റനൻസ് ഫണ്ടിനത്തിൽ ചെലവ് 5,00,000/-രൂപയാണ്. എന്നാൽ ലഭ്യമാക്കിയ ചെലവു രേഖകൾ പ്രകാരം ഈയിനത്തിലെ ചെലവ് 3,50,000/- രൂപയാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-23 ഹെമറ്റോളജി മെഷീൻ വാങ്ങൽ-അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO047/20 |
| പേര് | എഫ്.എച്ച്.സിയിൽ ഹെമറ്റോളജി മെഷീൻ വാങ്ങൽ |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട്(റോഡിതരം) 1,70,000/- |
| ചെലവ് | ബിൽ നം. 14/1.10.2019- 1,70,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,എഫ്. എച്ച്.സി |

എഫ്.എച്ച്.സിയിൽ ഹെമറ്റോളജി മെഷീൻ വാങ്ങുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ 17.7.2019ൽ നടന്ന എച്ച്.എം.സി യോഗമിനിട്സ് പ്രകാരം ഹെമറ്റോളജി മെഷീൻ (3 Parts) കെ.എം.സി.എല്ലിൽ നിന്ന് വാങ്ങാൻ തീരുമാനിച്ചിരുന്നു. 08.07.2019-ൽ അവർക്ക് സപ്ലൈ ഓർഡർനൽകുകയും ചെയ്തിട്ടുണ്ട്. Tricore എന്ന ബയോമെഡിക്കൽ ഇൻസ്ട്രുമെന്റ് കമ്പനി ഹെമറ്റോളജി മെഷീൻ (5parts) സൗജന്യമായി നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടി 3.8.2019ൽ കെ.എം.സി.എൽന് നൽകിയ സപ്ലൈ ഓർഡർ ക്യാൻസൽ ചെയ്തിട്ടുണ്ട്. എന്നാൽ Labx എന്ന കെ.എം.സി.എല്ലിന്റെ റണ്ണിംഗ് കോൺട്രാക്റ്റുള്ള സ്ഥാപനത്തിനാണ് ഹെമറ്റോളജി അനലൈസർ (3 പാർട്ട്സ്) വാങ്ങുന്നതിന് 3.9.2019ൽ 1,70,000/- രൂപ നൽകിയിട്ടുള്ളത്.

1. Tricore എന്ന സ്ഥാപനത്തിൽ നിന്ന് ഹെമറ്റോളജി മെഷീൻ (5 പാർട്ട്സ്) സൗജന്യമായി നൽകുന്നതിനുള്ള മാനദണ്ഡങ്ങളും മറ്റും നിയമപ്രകാരം മുദ്രപ്പത്രത്തിൽ നൽകേണ്ടതാണെന്ന് മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ് Tricore Medical System ന് കത്ത്(തീയതി രേഖപ്പെടുത്തിയിട്ടില്ല) നൽകിയിട്ടുണ്ട്. എന്നാൽ അതിൻമേൽ തുടർനടപടികൾ സ്വീകരിക്കാത്തതിന് കാരണം വ്യക്തമല്ല.

2. കെ.എം.സി.എല്ലിന് നൽകിയ സപ്ലൈ ഓർഡർ 3.8.2019ൽ ക്യാൻസൽ ചെയ്തതിനു ശേഷവും അവരിൽ നിന്ന് ഹെമറ്റോളജി മെഷീൻ വാങ്ങുന്നതിന് തുക കൈമാറിയതിന്റെ കാരണവും വ്യക്തമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 ലഭ്യമാക്കിയ മറുപടിയിൽ Tricore Medical System അവരുടെ റീഏജന്റ് വാങ്ങണമെന്ന വ്യവസ്ഥയിലാണ് ഹെമറ്റോളജി മെഷീൻ സൗജന്യമായി നൽകാമെന്ന് സമ്മതിച്ചതെന്നും ഭാവിയിൽ ബുദ്ധിമുട്ടുകളുണ്ടായേക്കാമെന്നതിനാലാണ് കെ.എം.സി.എല്ലിന്റെ സപ്ലൈ ഓർഡർ ക്യാൻസൽ ചെയ്തിട്ടും പഞ്ചായത്ത്

കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പിന്നീട് കെ.എം.സി.എല്ലിൽ നിന്ന് തന്നെ ഹെമറ്റോളജി മെഷീൻ വാങ്ങിയതെന്നും അറിയിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഹാജരാക്കേണ്ടതാണ്. വാങ്ങലുകൾ നടത്തുമ്പോൾ പ്രോക്യൂർമെന്റ് ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നുവെന്നുറപ്പു വരുത്തേണ്ടതാണ്.

## 1-24 പശു വളർത്തൽ (എസ്.സിവനിത)- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0106/20 |
| പേര് | പശു വളർത്തൽ (എസ്.സിവനിത) |
| അടങ്കൽ | വികസനഫണ്ട്( 280000)<br>ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിക്കുന്നത്) 120000 |
| ചെലവ് | ബിൽ നം. 17/25.10.2019- 35000<br>9/10.10.2019-35000<br>20/18.1.2020-35000<br>34/25.2.2020-35000<br>12/10.0.2019-35000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

എട്ട് എസ്.സി കർഷകർക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പർച്ചേയ്സ് കമ്മിറ്റി മുഖേന 50000 രൂപയിൽ കുറയാതെ വിലയുള്ള പശുക്കളെ വാങ്ങി ഇൻഷ്വർ ചെയ്യുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

**1.** സ.ഉ(കൈ) നം. 22/2018/ത.സ്വ.ഭ.വ തീയതി 14.2.2018 ഖണ്ഡിക 6.2(1) പ്രകാരം പർച്ചേയ്സ് നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് ഗുണഭോക്താക്കളിൽനിന്നുള്ള 5 പേർ കൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. പ്രോജക്ടിലും അപ്രകാരമാണ് വിഭാവനം ചെയ്തിരിക്കുന്നതെങ്കിലും മേൽ നടപടിക്രമങ്ങൾ പാലിച്ചതായി ഫയലിൽ രേഖപ്പെടുത്തലില്ല.

**2.** സത്യഭാമ, മധു മൻസിൽ; രാധ.കെ, പത്തരയിൽ വീട്, പനപ്പാംകുന്ന് എന്നീ ഗുണഭോക്താക്കൾ പശുവിനെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ പരിശോധനയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 14 ന് സത്യഭാമ, രാധ എന്നിവരുടെ പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ കോപ്പി ഇൻഷ്വറൻസ് ഓഫീസിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. പർച്ചെയ്സ് കമ്മിറ്റി മിനിട്സ് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് പേപ്പറിൽ എഴുതി തയ്യാറാക്കിയ പർച്ചെയ്സ് കമ്മിറ്റി മിനിട്സ് ലഭ്യമാക്കി. പ്രസ്തുത മിനിട്സിൽ സബ്സിഡി മാർഗ്ഗരേഖ ക്രമ നം.6.3(1)ൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങളൊന്നും തന്നെ പാലിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ കർശനമായി പാലിച്ച മാത്രം വാങ്ങലുകൾ നടത്തേണ്ടതാണ്. പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-25 മുട്ടക്കോഴി വളർത്തൽ(ജനറൽ)- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 84/20 |
| പേര് | മുട്ടക്കോഴി വളർത്തൽ (ജനറൽ) |
| അടങ്കൽ | വികസനഫണ്ട് 250000 |

| | |
|---|---|
| | ഗുണഭോക്തൃവിഹിതം(പഞ്ചായത്തിൽ അടവാക്കുന്നത്) 300000 |
| ചെലവ് | ബിൽ നം. 24/1.2.2020-125000<br>ബിൽനം. 32/25.2.2020-37500<br>(ഗുണഭോക്തൃ വിഹിതം 1,95,000/-രൂപ ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

45-60 ദിവസം പ്രായമായ മുട്ട കോഴിക്കുഞ്ഞുങ്ങളെ, 10 എണ്ണം വീതം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 500 ജനറൽ വിഭാഗം കുടുംബത്തിലെ വനിതകൾക്ക് നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിലേയ്ക്കായി സ്ഥാപനത്തിന്റെ രസീത് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം രസീത് ബുക്ക് നമ്പർ 10988, 10989, 10990, 61882 എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 14ന് ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചെലവ് രേഖകളുടെ അഭാവത്തിൽ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിച്ച 1,95,000/-രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-26 ഹരിതഭവനം- വ്യത്യസ്ത വാർഡുകളിലെ ഗുണഭോക്താക്കളെ ഒരു വാർഡിന്റെ ഗ്രാമസഭയിൽ അംഗീകരിച്ചു**

| | |
|---|---|
| പ്രോജക്ട് നമ്പർ | SO121/20 |
| പേര് | ഹരിതഭവനം |
| അടങ്കൽ | വികസനഫണ്ട് 112000<br>ഗുണഭോക്തൃവിഹിതം(നേരിട്ട്)124800<br>ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്)15040<br>ജില്ലാപഞ്ചായത്ത് വിഹിതം 112000 |
| ചെലവ് | ബിൽ നം. 23/3.2.2020-26400<br>24/3.3.2020-26400<br>ചെക്ക് നം. 371958/10.3.2020-15040 |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

25 സെന്റിൽ കുറയാത്ത കൃഷിസ്ഥലം ഉള്ള 16 കുടുംബങ്ങൾക്ക് ഹരിതഭവനം പദ്ധതിയിലൂടെ കിണർ റീചാർജ്ജ് യൂണിറ്റ് ഒന്നിന് 7200രൂപയും മാലിന്യസംസ്കരണ യൂണിറ്റിന് 1250/- രൂപയും 10 കോഴിയടങ്ങുന്ന ഒരു യൂണിറ്റിന് 500/- രൂപയും കൂടിന് 1250/- രൂപയും ചേർത്ത് ആകെ സബ്സിഡിയായി 10700/- രൂപ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനും ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടക്കുമ്പോൾ 4240/- രൂപ വില വരുന്ന നടീൽ വസ്തുക്കളും ജൈവവളവും ഗ്രോബാഗും നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയിൽ 16 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ രണ്ടു ഗുണഭോക്താക്കളൊഴികെ മറ്റ് ഗുണഭോക്താക്കളൊന്നും തന്നെ ലഭ്യമാക്കിയ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉള്ളവരല്ല. 14 ഗുണഭോക്താക്കളുടെ അഡീഷണൽ ലിസ്റ്റ് പിന്നീട് നിർവ്വഹണ

ഉദ്യോഗസ്ഥയ്ക്ക് പഞ്ചായത്തിൽ നിന്ന് നൽകുകയാണുണ്ടായിട്ടുള്ളത്. ഗ്രാമസഭാ മിനിട്സുകൾ പരിശോധിച്ചതിൽ 8-ാം വാർഡ് മലയാമഠത്തിന്റെ 22.1.2020ലെ ഗ്രാമസഭാമിനിട്സിലാണ് വിവിധ വാർഡുകളിലെ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുള്ളതായി കാണുന്നത്. വ്യത്യസ്ത വാർഡുകളിലെ ഗുണഭോക്താക്കളെ വാർഡ് 8 ന്റെ ഗ്രാമസഭയിൽ വച്ച് അംഗീകരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. സ.ഉ(കൈ) നം. 11/2018/ ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 11.3ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ എപ്രകാരമെന്ന് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഖണ്ഡിക11.3(8)ൽ ആക്ഷേപങ്ങൾ പരിഗണിച്ച് പരിഷ്കരിക്കുന്ന കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് മിനിട്സിൽ തീരുമാനം രേഖപ്പെടുത്തുകയും വേണമെന്നിരിക്കെ എപ്രകാരമാണ് വിവിധ വാർഡുകളിലെ ഗുണഭോക്തൃതെരഞ്ഞെടുപ്പ് ഒരു വാർഡിലെ ഗ്രാമസഭയിൽ വച്ച് അംഗീകരിച്ചതെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി നം. 21 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവരേയും അതാത് വാർഡുകളിലെ ഗ്രാമസഭകളിൽ അംഗീകരിക്കുകയും ആയത് ടി വാർഡുകളുടെ ഗ്രാമസഭാമിനിട്സിൽ രേഖപ്പെടുത്തുകയും ചെയ്യിട്ടുള്ളതുമാണെന്നും അറിയിച്ചിരിക്കുന്നു. എല്ലാ വാർഡുകളിലേയും ഗ്രാസഭകളിൽ അംഗീകരിക്കേണ്ടുന്ന ഗുണഭോക്താക്കളുടെ പൊതുലിസ്റ്റ് എല്ലാ ഗ്രാമസഭ കോർഡിനേറ്റർമാർക്കും നൽകിയിരുന്നുവെന്നും എന്നാൽ എട്ടാം വാർഡ് കോർഡിനേറ്റർ അബദ്ധ വശാൽ ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കളുടേയും പേര് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുകയാണുണ്ടായതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. സ്ഥാപനം ലഭ്യമാക്കിയ ആദ്യ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവരും എന്നാൽ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയവരുമായ 14 ഗുണഭോക്താക്കളിൽ 5 ഗുണഭോക്താക്കളെ മാത്രമാണ് അതാതു വാർഡുകളിലെ ഗ്രാമസഭകളിൽ വച്ച് അംഗീകരിച്ചിട്ടുള്ളത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അധികാരം ഗ്രാമസഭകൾക്കാണെന്ന് ബഹു. ഹൈക്കോടതി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഗുണഭോക്തൃതെരഞ്ഞെടുപ്പ് സുതാര്യമാണെന്നും അർഹർക്ക് തന്നെ ആനുകൂല്യം ലഭിക്കുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 ഖരമാലിന്യ പരിപാലനം – പ്രോജക്ട് ലക്ഷ്യത്തിലെത്തിയില്ല

പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് 5 വാർഡുകളിൽ മിനി എംസിഎഫ് സ്ഥാപിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ 2018-19 വർഷം പ്രോജക്ട് (166/19) ആവിഷ്കരിച്ചിരുന്നു. പ്രസ്തുത പ്രോജക്ട് സ്പിൽ ഓവറായി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 145/20 |
| അടങ്കൽ തുക | 848750 (കേന്ദ്രാവിഷ്കൃത പരിപാടി) |
| ചെലവ് | 716271 |
| ചെക്ക് നമ്പർ | 0712621/11.11.19(ടിഎസ്ബി)<br>310819/11.11.19(ഡിസിബി) |
| എം ബുക്ക് നമ്പർ | 43/19-20 |
| കരാറുകാരൻ | വിജയകുമാർ.വി. (490000) |

ശുചിത്വമിഷൻ വിഹിതം 7,16,271/- രൂപ ചെലവഴിച്ച് 11 വാർഡുകളിൽ മിനി എം.സി.എഫുകൾ സ്ഥാപിച്ചു.

രണ്ട് എം.സി.എഫുകളുടെ നിലവിലെ അവസ്ഥ ചുവടെ:



ഇതുകൂടാതെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിൽ ഇന്റർലോക്ക് ഇടൽ എന്ന പ്രവൃത്തിക്കായി ധനകാര്യകമ്മീഷൻ അവാർഡ് തുക 65,733/- രൂപ (ബിൽ നമ്പർ 18/07.09.19) ചെലവഴിച്ചിട്ടുണ്ട്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണത്തിൽ 2019-20 വർഷം അജൈവ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ(198/20) എന്ന പ്രോജക്ടിനായി 57,100/- രൂപ വികസന ഫണ്ട് വകയിരുത്തിയിരുന്നെങ്കിലും പ്രോജക്ട് നടപ്പാക്കിയില്ല.

ഖരമാലിന്യ പരിപാലനത്തിനായി ലക്ഷങ്ങൾ മുടക്കി സ്ഥാപിച്ച എം.സി.എഫുകൾ കാടുപിടിച്ചും തുരുമ്പെടുത്തും നശിച്ചുകൊണ്ടിരിക്കുകയാണ്.

നിലവിൽ മിനി എം.സി.എഫുകൾ റോഡിനോട് ചേർന്നുള്ള പൊതു സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ജനങ്ങൾ മിനി എം.സി.എഫിന് ചുറ്റും മറ്റ് മാലിന്യങ്ങൾ നിക്ഷേപിക്കുന്നുവെന്നും പ്രശ്നം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനാൽ സർക്കാർ സ്ഥാപനങ്ങളുടെ കോമ്പൌണ്ടിനകത്ത് സ്ഥാപിക്കാൻ നടപടിയെടുത്തിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട് (എൻക്വയറി നമ്പർ 33/17.09.2021ന്റെ മറുപടി). മാലിന്യങ്ങൾ ഒറ്റത്തവണയായി നീക്കം ചെയ്യുന്നതിന് ക്ലീൻകേരള മിഷൻ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും നാളിതുവരെ മാലിന്യം നീക്കം ചെയ്തിട്ടില്ലായെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

എം.സി.എഫുകളുടെ പുനസ്ഥാപനത്തിനും തുടർപരിപാലനത്തിനും അടിയന്തിര നടപടികൾ സ്വീകരിച്ച് പ്രവർത്തനക്ഷമമാക്കി മാലിന്യ പരിപാലനത്തിന്റെ തുടർ നടപടികളുടെ വിശദ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുക തടസ്സപ്പെടുന്നതാണ്.

## 1-28 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതു അപാകതകൾ

1)പ്രവൃത്തി ഫയലുകളിൽ കരാറുകാരുടെ ജി.എസ്.ടി. രജിസ്ട്രേഷൻ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഉദാഹരണം - മുളയ്ക്കുലത്തുകാവ് അംഗണവാടിക്ക് റൂഫിംഗ്, ഗ്രിൽവർക്ക് (95/20), ചെങ്കിക്കുന്ന് വലിയവിള റോഡ് ഐറിഷ് & അപ്രോച്ച് റോഡ് - വാർഡ് 11 (101/20)

2) ഇ-ടെന്റർ പ്രവൃത്തികളുടെ ഫയലുകളിൽ Comparative BOQ Statementസൂക്ഷിച്ചിട്ടില്ല.

ഉദാഹരണം - ചെങ്കിക്കുന്ന് കായാട്ടുകോണം റോഡിന് പാർശ്വഭിത്തി നിർമ്മാണം (136/20)

3) ഭൂരിഭാഗം ഫയലുകളിലും സെലക്ഷൻ നോട്ടീസ് സൂക്ഷിച്ചിട്ടില്ല.

ഉദാഹരണം - മുളയ്ക്കുലത്തുകാവ് എഫ്.എച്ച്.സിയിൽ ക്യാബിൻ നിർമ്മാണം(147/20)

4)പ്രവൃത്തികളിലെല്ലാം നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി, കളക്ഷൻ ചാർജ് ഉൾപ്പെടെ 1% കുറവ് ചെയ്യുന്നതിനു പകരം പ്രവൃത്തി മൂല്യത്തിന്റെ 1% പൂർണമായി കിഴിവ് നടത്തുകയും അതിന്റെ 1% കളക്ഷൻ ചാർജ്ജ് ഈടാക്കുകയും ചെയ്യുന്നു.

ഉദാഹരണം - മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിൽ ഇന്റർലോക്കിടൽ

പ്രവൃത്തി മൂല്യം - 65799

ടെന്റർ കിഴിവ് -66

ബിൽതുക – 65733

ആദായനികുതി -657

ക്ഷേമനിധി വിഹിതം -657

കളക്ഷൻ ചാർജ് -7

എല്ലാ ഫയലുകളിലും രജിസ്ട്രേഷൻ രേഖകൾ സൂക്ഷിക്കാൻ സാധിച്ചിട്ടില്ലായെന്നും ക്ലർക്കിന്റെ തസ്തികയില്ലാത്തതിനാലുള്ള വീഴ്ചകളാണെന്നും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (എൻക്വയറി നമ്പർ 29/ 17.09.2021ന്റെ മറുപടി).

ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി ഫയൽ സൂക്ഷിപ്പിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-29 കരാറുകാരന്റെ പിശകിന് പ്രവൃത്തി റീടെന്റർ ചെയ്യേണ്ടി വന്നു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ശ്രീകുമാർ- ഗോകുലം-അയ്യപ്പൻകാവ്-ചൂട്ടയിൽ റോഡ് പുനരുദ്ധാരണം |
| പ്രോജക്ട് നമ്പർ | 138/20 |
| അടങ്കൽ തുക | 545639 (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 528300 |
| ബിൽ നമ്പർ | 06/26.06.2019 |
| എം ബുക്ക് നമ്പർ | 573/18-19 |
| കരാറുകാരൻ | നാദിർഷാൻ.എ (528626) |

പ്രസ്തുത പ്രവൃത്തിക്കായി 02.06.2018ൽ സമർപ്പിക്കപ്പെട്ട രണ്ട് ഐറ്റം നിരക്കിലുള്ള ഇ-ടെന്ററുകൾ ചുവടെ ചേർക്കുംപ്രകാരമാണ്. (ടെന്റർ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ)

നാദിർഷാൻ.എ. - 508094.66

ലൂണ.എസ്.കെ. - 256340.90 1(2)/07.06.18 -ാം നമ്പർ തീരുമാനപ്രകാരം നിരസിച്ചിരിക്കുന്നു.

പ്രസ്തുത ഭരണസമിതി തീരുമാനം ചുവടെ ചേർക്കും പ്രകാരമാണ്.

"ലൂണ സമർപ്പിച്ച ടെണ്ടറിൽ 54% താഴ്ന്ന നിരക്കിൽ പ്രവൃത്തി ചെയ്യാൻ സാധിക്കുമോയെന്ന കാര്യം രേഖാമൂലം എഴുതി വാങ്ങുന്നതിന് എ.ഇയെ ചുമതലപ്പെടുത്തിയിരുന്നു. ടെണ്ടർ എഴുതിയപ്പോൾ പറ്റിയ പിശകാണെന്ന് കോൺട്രാക്ടർ എഴുതി സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തി റീ-ടെന്റർ ചെയ്യാൻ തീരുമാനിച്ചു".

04.07.18ലെ റീ-ടെന്ററിൽ ലഭിച്ച ഏക ടെന്ററിൽ 528626/-രൂപ ക്വാട്ട് ചെയ്ത നാദിർഷാൻ.എ.യ്ക്ക് കരാർ ഉറപ്പിച്ചുനൽകി.

കരാറുകാരൻ തെറ്റായി ടെന്റർ സമർപ്പിച്ചതിനാൽ റീ ടെന്റർ ചെയ്യേണ്ടിവന്നതുകൂടാതെ 508094.6/- രൂപയ്ക്ക് പൂർത്തിയാക്കാമായിരുന്ന പ്രവൃത്തിക്ക് 20000/-രൂപയുടെ അധിക ചെലവുമുണ്ടായി. ലൂണ ടെന്ററിനൊപ്പം സമർപ്പിച്ച നിരതദ്രവ്യ തുകയായ 14000/-രൂപ തിരികെ നൽകുകയും ചെയ്തു.

ഭരണസമിതിയുടെ തീരുമാനപ്രകാരം E-Tender Kerala Siteൽ Corrigendum ക്രിയേറ്റ് ചെയ്ത് റീടെന്റർ ചെയ്തപ്പോൾ പങ്കെടുത്ത എല്ലാപേരുടെയും EMD Autometically Refundആയതാണെന്ന് വിശദീകരിച്ചിട്ടുണ്ട്(എൻക്വയറി നമ്പർ 30/17.09.2021).

ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 മഴക്കാല പൂർവ്വ ശുചീകരണം തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല-തുക 75000/- രൂപ തടസ്സപ്പെടുത്തുന്നു

| വൗച്ചർ നമ്പർ | തുക |
|---|---|
| 219001028/18-3-20 | 75000 |

മേൽ വൗച്ചർ പ്രകാരമുള്ള തുക മഴക്കാല പൂർവ്വ ശുചീകരണത്തിനായി മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം/ അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കും വരെക്കും ചെലവ് തുക 75,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 പാഥേയം പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-തുക 2,82,240/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 119/20 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാഥേയം |
| അടങ്കൽ | 282240 |
| ചെലവ് | 282240 |
| ഫണ്ടിനം | എസ് സി പി |
| ഓഡിറ്റ് എൻക്വയറി | 15/19-7-20 |

പാഥേയം പദ്ധതിക്കായി 282240/- രൂപ പഞ്ചായത്ത് വിഹിതമായി നേരിട്ട് ജില്ലാ പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും കുറവു ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യ പത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കും വരെക്കും ചെലവു തുക 282240/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റിന് വിഹിതം കൈമാറൽ -യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല- തുക 30,000/- തടസ്സപ്പെടുത്തുന്നു

| വൗച്ചർ നമ്പർ | തുക |
|---|---|
| 21900548/26-11-19 | 30,000/- |

മേൽ വൗച്ചർ പ്രകാരം പെർഫോർമൻസ് ഓഡിറ്റിനുള്ള വിഹിതം 30,000/- രൂപ സീനിയർ സൂപ്രണ്ട് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് കൈമാറിയിട്ടുണ്ട്. ആയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കും വരെക്കും ചെലവു തുക 30,000/- രൂപ തടസ്സത്തിൽ വക്കുന്നു.

## 1-33 IKM വിഹിതം നൽകൽ-വിനിയോഗസാക്ഷ്യ പത്രം ലഭ്യമല്ല. 77,518/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | IKMപ്രവർത്തന ഫണ്ട് നൽകൽ |
| അടങ്കൽ | 77,853/- |
| ചെലവ് | 77,518/- |
| ബിൽ നമ്പർ | 9/ 28-6-19 തുക 77518 |

മേൽ പദ്ധതി പ്രകാരം IKMപ്രവർത്തന വിഹിതമായ 77,518/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കും വരെയ്ക്കും ചെലവ് തുക 77,518/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി-കൃത്യമായ അടിസ്ഥാന വിവരങ്ങളുടെയും കണക്കുകളുടെയും അഭാവത്തിൽ പദ്ധതി നിർവ്വഹണം

**(എ)** തെരുവ് വിളക്കുകളുടെ പരിപാലനത്തിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ അറ്റകുറ്റപണി എന്നിവയ്ക്കായി സ്പിൽ ഓവർ, തൻ വർഷം എന്നിങ്ങനെ രണ്ടു പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 125/20(SPILL OVER PROJECT) |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ |
| അടങ്കൽ | 2,90,000/- |
| ചെലവ് | 2,90,000/- |
| ബിൽ നമ്പർ | 11/ 17-7-19 തുക 2,90,000/- |

2018-19 വർഷത്തിൽ ആരംഭിച്ച 3,00,000/- അടങ്കലുള്ള പദ്ധതി പ്രകാരം തെരുവ് വിളക്ക് വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തി തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. ആയത് പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിക്കുകയും കരാറിലേർപ്പെട്ട് ഉപകരണങ്ങൾ വാങ്ങുകയും 8/18 ൽ തുക സ്ഥാപനത്തിന് നൽകുകയുമുണ്ടായി. തുടർന്ന് പദ്ധതിയുടെ അടങ്കൽ 4,90,000/- രൂപയാക്കാൻ 23-8-18 ലെ കമ്മറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയതായി

ടെണ്ടർ ക്ഷണിക്കാതെ പഴയ ടെണ്ടർ നടപടികളുമായി പദ്ധതി പൂർത്തീകരിച്ച നടപടി അംഗീകരിക്കുവാൻ കോർഡിനേഷൻ കമ്മിറ്റിയോട് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് നം 487/2019/ DT 16-7-19പ്രകാരം പദ്ധതി ഭേദഗതി ചെയ്ത് അടങ്കൽ 4,90,000/- രൂപയാക്കി പുതിയതായി ടെണ്ടർ ചെയ്യാതെ പഴയ ടെണ്ടർ എടുത്ത കരാറുകാരനെ കൊണ്ട് പദ്ധതി പൂർത്തിയാക്കിയ പഞ്ചായത്തിന്റെ നടപടി സാധൂകരിച്ചതായി ഉത്തരവായിട്ടുണ്ട്.

പ്രസ്തുത പദ്ധതി പ്രകാരം തൻ വർഷം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികളാണ് നടപ്പിലാക്കിയിട്ടുള്ളത്.
പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കരാറുകാരൻ സമർപ്പിച്ച ടെണ്ടർ പ്രകാരം സിംഗിൾ ട്യൂബിന് 20% BELOW KSEB RATE ഉം ഡബിൾ ട്യൂബിന് 15% BELOW KSEB RATE ഉം ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. കരാറുകാരൻ ഹാജരാക്കിയിരിക്കുന്ന ഇൻവോയ്സ് നം 7/23-11-18 പ്രകാരം 1787തെരുവ് വിളക്കുകൾ അറ്റകുറ്റപണികൾ നടത്തിയതിന് ലേബർചാർജ്ജ് ആയി ഒന്നിന് 262 രൂപ വച്ച് 4,68,194/- രൂപ ക്ലെയിം ചെയ്തു കാണുന്നുണ്ട്. എന്നാൽ പഞ്ചായത്ത് ആകെ അടങ്കൽ തുകയായ 2,90,000/-രൂപ മാത്രമെ അനുവദിച്ച് കാണുന്നുള്ളു. കരാറുകാരൻ ബാക്കി തുക ആവശ്യപ്പെട്ടിട്ടുമില്ല. കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ തുക കണക്കാക്കിയത് എപ്രകാരമാണെന്നതിന്റെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം - 19 /15-9-21 ന് ലഭ്യമാക്കിയ മറുപടിയിൽ ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് ബാക്കി തുക നൽകാഞ്ഞത് എന്നാണ് വിശദീകരിച്ചിട്ടുള്ളത്. ഉപകരണങ്ങൾ പഞ്ചായത്ത് വാങ്ങി നൽകുകയും ആയതിന്റെ നിരക്ക് കെ എസ് ഇ ബി നിരക്കിനേക്കാൾ 15/20% കുറവായി കരാറുകാരൻ രേഖപ്പെടുത്തുകയും ചെയ്തിട്ടും ഏത് നിരക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് പഞ്ചായത്ത് തുക അനുവദിച്ചതെന്ന് വിശദമാക്കാൻ ബന്ധപ്പെട്ടവർക്ക് സാധിച്ചിട്ടില്ല.

2)പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണെന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/ത.സ്വ.ഭ.വ. തീ.15.09.11 ഖ.2നുള്ള കുറിപ്പ് (ഇ)നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള ഒരു പരാതി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

3) വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് തുക നല്കുന്നത്. ഈ കണക്കുകളിൽ പ്രവൃത്തി നടത്തിയതെന്നെന്ന് വ്യക്തതയില്ല. ഏതാനും ഇലക്ട്രിക്ക് പോസ്റ്റുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പരിശോധിക്കുന്നതിനാവശ്യമായ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

4) കരാറുകാരൻ വാറൻറി കാലാവധി കഴിയുന്നതിന് മുമ്പ് കേടാകുന്ന തെരുവുവിളക്കുകൾ പഞ്ചായത്തിൽ തിരികെയേല്പിക്കുന്നതിന്റെയും അവ റീപ്ലേസ് ചെയ്തു കിട്ടുന്നതിന് നടപടികൾ പഞ്ചായത്തിൽ സ്വീകരിക്കുന്നതിന്റെയും വിശദാംശങ്ങൾ ആരാഞ്ഞതിൽ, നിലവിൽ പഞ്ചായത്തിന്റെ ഓഫീസ് നിർമ്മാണം നടക്കുന്നതിനാൽ സ്റ്റോർ റൂമിന്റെ അപര്യാപ്തത മൂലം കേടായ വിളക്കുകൾ വാങ്ങി സൂക്ഷിക്കാറില്ലെന്നും ആയതിന്റെ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുമില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. പഞ്ചായത്ത് ഡയറക്ടറുടെ 17-8-15 തിയ്യതിയിലെ ജി-2 44274/2015 നം ഉത്തരവ് പ്രകാരം ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാതു ദിവസം പഞ്ചായത്തിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In രജിസ്റ്ററും Stock Out രജിസ്റ്ററും റീകൺസയിൽ ചെയ്യുന്നുവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതും സംബന്ധിച്ച സ ഉ(സാ ധാ)നം2134/2015ത സ്വ ഭ വ തി.15-5-2015 പ്രകാരമുള്ള കാര്യങ്ങൾ (Utilisation Certificate Not Produced) സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

5) തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6) തെരുവ് വിളക്ക് പരിപാലനത്തിനായി വാർഡ് തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടില്ല. സെക്രട്ടറിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റില്ല.

7) 15-9-11 ലെ 3055/DA3-2011 ത സ്വ ഭ വ സർക്കുലർ പ്രകാരം 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കേണ്ടതുണ്ട്. എന്നാൽ 5% മാത്രമെ ഈയിനത്തിൽ ഈടാക്കിയിട്ടുള്ളൂ.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ് (കേരള പഞ്ചായത്ത് രാജ് ആക്ട് 166വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക). ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും കൃത്യമായ മേൽനോട്ടം ഇല്ലാതെയും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**ബി) <u>തെരുവ് വിളക്കുകൾക്കാവശ്യമായ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കാതെ നേരിട്ട് കരാറുകാരന് നൽകി</u>**

പദ്ധതി പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്കാവശ്യമായ സാമഗ്രികൾ വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും ലക്ഷ്യമിട്ടതാണ്. തൻ വർഷം ഉപകരണങ്ങൾ വാങ്ങൽ മാത്രമാണ് നടത്തിയിട്ടുള്ളത്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 99/20(NEW) |
| പ്രോജക്റ്റിന്റെ പേര് | തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ |
| അടങ്കൽ | 4,50,000/- |
| ചെലവ് | 2,02,700/- |
| ബിൽ നമ്പർ | 31/019-20 DT 20-1-10 തുക 2,02,700/- |

തൻവർഷം തെരുവ് വിളക്കുകൾക്കാവശ്യമായ അനുബന്ധ ഉപകരണങ്ങൾ മേൽ നമ്പർ പ്രോജക്ടു പ്രകാരം വാങ്ങുകയുണ്ടായി. ഇപ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കാതെ മൊത്തമായി കരാറുകാരന് വിതരണം ചെയ്തു. പഞ്ചായത്ത് പദ്ധതി പണം ചെലവഴിച്ച് വാങ്ങിയ സാധനങ്ങൾ പഞ്ചായത്തിന്റെ സ്റ്റോക്കിലെടുക്കാതെ കരാറുകാരന് നൽകിയതിൽ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നും വീഴ്ച വന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി പഞ്ചായത്തിൽ ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് കരാറുകാരൻ പരിശോധിച്ച് ആവശ്യകതയുടെ അടിസ്ഥാനത്തിൽ സാധനങ്ങൾ വാർഡ് മെമ്പർമാർ കൈപ്പറ്റി കരാറുകാരന് നല്കേണ്ടതിനു പകരം ഇപ്രകാരം നല്കാനുണ്ടായ സാഹചര്യം ഓഡിറ്റ് എൻക്വയറി മുഖേന അറിയിക്കുവാൻ ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ സ്ഥല പരിമിതി മൂലമാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം കൈപ്പറ്റിയ സാധനങ്ങളുടെ വിനിയോഗം സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ വിനിയോഗവിവരം ലഭ്യമാക്കിയിട്ടുമില്ല. ഓരോ വർഷവും വാങ്ങൽ നടത്തുന്നത് കൃത്യമായ ആവശ്യകതയുടെ അടിസ്ഥാനത്തിൽ അല്ല. ആവശ്യകത നിർണയിക്കുന്നതിനാവശ്യമായ കണക്കുകൾ പഞ്ചായത്തിൽ ഇല്ല. ഉപകരണങ്ങളുടെ ആവശ്യകതാനിർണയം നടത്തുന്നതിന് അടിസ്ഥാനമാക്കിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും അത്തരം ഒരു കണക്കും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല എന്നും സംയുക്ത പരിശോധനക്കായി കെ എസ് ഇ ബി ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആണ് അറിയിച്ചിട്ടുള്ളത്.

തെരുവ് വിളക്ക് പരിപാലനത്തിനാവശ്യമായ ഉപകരണങ്ങളുടെ വാങ്ങലുമായി ബന്ധപ്പെട്ട പർച്ചെയ്സിംഗ് കമ്മറ്റി തീരുമാനവും വർഷം വാങ്ങിയ സാധനങ്ങൾ ISI ഗുണനിലവാരമുള്ളതാണെന്ന് പരിശോധിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. വാർഡ് മെമ്പർമാർ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ പെട്ട തെരുവ് വിളക്ക് പരിപാലനം നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണി, തെരുവ് വിളക്ക് പരിപാലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്നീ പ്രോജക്ടുകൾ നിർവ്വഹിക്കുമ്പോൾ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ കൂടി പാലിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1) പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ), തരം എന്നിവ (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനും ലൈൻ എക്സ്റ്റൻഷൻ നടത്തുമ്പോൾ യു.സി. (കെ.എസ്.ഇ.ബി.യിൽ നിന്ന് യു.സി. വാങ്ങുമ്പോൾ നടപ്പാക്കിയ പ്രവർത്തികളുടെ വിശദാംശങ്ങൾ ഉൾപ്പെടെ-എത്ര മീറ്റർ ലൈൻ എക്സ്റ്റൻഷൻ നടത്തി, പുതുതായി എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ചു, പോസ്റ്റുകൾ സ്ഥാപിച്ചത് തുടങ്ങിയ- വാങ്ങേണ്ടതാണ്) കിട്ടുന്ന മുറയ്ക്ക് പ്രസ്തുത രജിസ്റ്റർ കാലികമാക്കുന്നതിനും ഉദ്യോഗസ്ഥ തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മേൽ പ്രകാരം തയ്യാറാക്കിയ രജിസ്റ്ററിലെ കണക്കുകളുടെ അടിസ്ഥാനത്തിലാവണം വാർഷിക അറ്റകുറ്റപ്പണിക്ക് കരാർ ക്ഷണിക്കേണ്ടത്.

3) അറ്റകുറ്റപ്പണിക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങൽ പ്രക്രിയയും മേൽ പ്രകാരം തയ്യാറാക്കിയ രജിസ്റ്ററിലെ കണക്കുകളുടെ അടിസ്ഥാനത്തിലാവണം.

4) വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്കിൽ എടുക്കേണ്ടതും പരാതി രജിസ്റ്ററിലെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ സാധനങ്ങൾ വാർഡ് മെമ്പർമാർ കൈപ്പറ്റി കരാറുകാരന് നല്കേണ്ടതുമാണ്. സ്റ്റോക്കിലെ വിനിയോഗവിവരവും, കരാറുകാരൻ നല്കുന്ന പ്രവൃത്തിയുടെ കണക്കുകളും പൊരുത്തപ്പെടുത്തി വേണം കരാർ അനുസരിച്ചുള്ള തുക നല്കൽ.

5) വിനിയോഗിക്കാതെ ശേഷിക്കുന്ന ഇലക്ട്രിക്ക് സാധനങ്ങളുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതും, തുടർ വർഷത്തിലെ വാങ്ങൽ പ്രക്രിയ ഇതനുസരിച്ച് പരിമിതപ്പെടുത്താനും കഴിയുംവിധം ആകണം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടത്.

6) പദ്ധതി മോണിറ്ററിങ്ങ് ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് നടത്തി റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

മേൽ രജിസ്റ്ററുകളുടെ പരിപാലനം അനിവാര്യമാണ്. സ്റ്റാന്റിങ്ങ് കമ്മറ്റി - (വികസനം), വർക്കിങ്ങ് ഗ്രൂപ്പ് എന്നിവരുടെ ക്രിയാത്മകമായ നിർദ്ദേശങ്ങളും, വിലയിരുത്തലും പദ്ധതി നടത്തിപ്പിൽ അനിവാര്യമാണ്.

## 1-35 അങ്കണവാടി പോഷകാഹാരം -ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ അധികം തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| പ്രോജക്റ്റ് നമ്പർ | 11/20 |
| അടങ്കൽ | 1500000( 1000000- വികസന ഫണ്ട്-500000-കേന്ദ്രാവിഷ്കൃത ഫണ്ട് ) |
| ചെലവ്- | 1500000 (1000000- വികസന ഫണ്ട്-500000-കേന്ദ്രാവിഷ്കൃത ഫണ്ട് ) |
| ബിൽ നമ്പർ | 21/19-20 Dt 06.02.2020 തുക-20,438/- |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ബിൽ നമ്പർ 21/19-20 Dt 6/2/20 പ്രകാരം 8/19, 11/19, 12/19 എന്നീ മാസങ്ങളിലെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ആയി 20,438/- രൂപ വിശാഖ്.എ.എസ് എന്നയാൾക്ക് അനുവദിച്ചിട്ടുണ്ട്. ആയതിൽ ഡിസംബർ മാസത്തെ ലാഭം മാർക്കറ്റിന്റെ ഇൻവോയ്സ് പ്രകാരം (19305/28-12-19) ആകെ 2959 Kg ഭക്ഷ്യ സാധനങ്ങളും 400 Kg അരിയും (ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല)ഉൾപ്പെടെ ആകെ 3359 KG ക്ക് 2.40 രൂപ നിരക്കിൽ 8,062/- രൂപയാണ് അനുവദിക്കേണ്ടത്. എന്നാൽ ട്രിപ്പ് ഷീറ്റ് പ്രകാരം 3399+400 എന്നിങ്ങനെ രേഖപ്പെടുത്തി 3799 Kg ക്ക് 9,117/- രൂപ അനുവദിച്ചിട്ടുണ്ട്. അധികം അനുവദിച്ച 1,055/-രൂപ ടിയാനിൽ നിന്നും ഈടാക്കി രേഖകൾ ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-36 അങ്കണവാടി പോഷകാഹാരം - സ്റ്റോക്ക് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| പ്രോജക്റ്റ് നമ്പർ | 11/20 |
| അടങ്കൽ | 1500000( 1000000- വികസന ഫണ്ട്-500000-കേന്ദ്രാവിഷ്കൃത ഫണ്ട് ) |
| ചെലവ്- | 1500000( 1000000- വികസന ഫണ്ട്-500000-കേന്ദ്രാവിഷ്കൃത ഫണ്ട് ) |
| ഓഡിറ്റ് എൻക്വയറി നമ്പർ | 32/17-9-21 |

A.മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 23 അങ്കണവാടികൾക്ക് റ്റി.എച്ച്.ആർ.എസ് മിശ്രിതം വാങ്ങിയതുമായി ബന്ധപ്പെട്ട ഐ.സി.ഡി.എസ് സൂപ്പർവൈസർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും അങ്കണവാടി വർക്കർമാർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ വിവിധ അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകളിലെ വ്യത്യാസം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ തീയതി | അംഗനവാടി നമ്പർ | ഐ.സി.ഡി.എസ് സ്റ്റോക്ക് രജിസ്റ്റർ(Kg) | അംഗനവാടി സ്റ്റോക്ക് രജിസ്റ്റർ(Kg) |
|---|---|---|---|
| 137/12-4-19 | 66 | 28 | 24 |
| 27/23.01.20 | 81 | 87.500 | Nil |
| 139/20.06.19 | 66 | 28 | 24 |
| | | | |

| | | | |
|---|---|---|---|
| 14/12.11.19 | 66 | 28 | 24 |
| 21/19-12-19 | 66 | 24 | Nil |
| 3/30-9-20 | 75 | 72 | 75 |
| 137/12.4.19 | 78 | 31.5 | 27.5 |
| 21/19-12-19 | 78 | 34.5 | 31.5 |

**B)ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തതിലെ പൊരുത്തക്കേട്**

മേൽ പ്രോജക്റ്റ് പ്രകാരം അംഗനവാടികളിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും അംഗനവാടി വർക്കർമാർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ തീയതി | അംഗനവാടി നമ്പർ | ഐ.സി.ഡി.എസ് സ്റ്റോക്ക് രജിസ്റ്റർ ഇനം (Kg) | അംഗനവാടി സ്റ്റോക്ക് രജിസ്റ്റർ(Kg) |
|---|---|---|---|
| 10104115/ 19379/18.3.20 ലാഭം മാർക്കറ്റ് | 61 | റാഗി-4 | റാഗി-5 |
| | 63 | റാഗി-6 | റാഗി-4 |
| | 67 | റാഗി-6 | റാഗി-4 |
| | 72 | റാഗി-6 | റാഗി-20 |
| | 66 | റാഗി-5 | റാഗി-10 |
| | 75 | റാഗി-1 | റാഗി-15 |
| | 77 | റാഗി-8 | റാഗി-7 |
| | 81 | ഗോതമ്പ്- 60<br>റാഗി- 3 | ഗോതമ്പ്-Nil<br>റാഗി-15 |
| 19149/19.7.19 | 75 | ഗോതമ്പ്- 50 | ഗോതമ്പ്- 40 |
| 9149/19.7.19 | 80 | റാഗി- 3 | റാഗി- 1 |

സ്റ്റോക്കിൽ വ്യത്യാസം വന്നതിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് അപാകങ്ങൾ പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഐ സി ഡി എസിന്റെ സ്റ്റോക്ക് രജിസ്റ്റർ പേജ് 235 റാഗി 170kg പ്രകാരം വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. അങ്കണവാടികൾക്ക് നൽകിയ കണക്ക് പരിശോധിച്ചതിൽ 172kg വിതരണം നടത്തിയതായി കാണുന്നുണ്ട്.

സ്റ്റോക്ക് രജിസ്റ്ററുകളിലെ അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ഭാവിയിൽ പോഷകാഹാര വിതരണത്തിൽ ഇപ്രകാരമുള്ള അപാകങ്ങളുണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്. പ്രസ്തുത വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 തെറ്റായ അക്കൗണ്ട് രേഖപ്പെടുത്തി-ഗുണഭോക്താവിന് തുക ലഭിച്ചില്ല. 18500/- രൂപ

**തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 52/20 |
| പ്രോജക്റ്റിന്റെ പേര് | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് |
| ബിൽനമ്പർ | 7/6-9-19 തുക-90000 |
| ചെക്ക് നമ്പർ | 5213249/19-3-20 തുക-159250 |
| നിർവ്വഹണം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിൽ നീലി, തെങ്ങുവിള വീട്, പുന്നേക്കുളം എന്നകുട്ടിക്ക് മേൽ സൂചിപ്പിച്ച ബിൽ/ചെക്ക് പ്രകാരം 28,500/- രൂപ അനുവദിച്ചിട്ടുണ്ട്. അപേക്ഷക്കൊപ്പം ലഭ്യമാക്കിയ ബാങ്ക് പാസബുക്ക് കോപ്പി പ്രകാരം അക്കൌണ്ട് നം 35176550817 (SBIപോങ്ങനാട് ബ്രാഞ്ച്) ആണ്. എന്നാൽ ട്രഷറിയിൽ നൽകിയ 59(E) ബിൽ പ്രകാരം 31176550817 എന്ന അക്കൌണ്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇക്കാര്യം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് ട്രഷറി ബിൽ പ്രകാരം നൽകിയ തുക 29-12-19 ന് വരവ് ലഭിച്ചതിന്റെ രേഖ ലഭ്യമാക്കുകയുണ്ടായി. എന്നാൽ ചെക്ക് പ്രകാരം കൈമാറിയ 18,500/- രൂപ ഗുണഭോക്താവിന് ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. സ്കോളർഷിപ്പ് തുക പൂർണമായും ഗുണഭോക്താവിന് ലഭ്യമാകുന്നതു വരെ ചെലവു തുക 18,500/-രൂപ തടസ്സത്തിൽ വക്കുന്നു.

**1-38 ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റില്ലാതെ സ്കോളർഷിപ്പ് അനുവദിച്ചു**

| | |
|---|---|
| പ്രോജക്റ്റ്നമ്പർ | 51/20 |
| പ്രോജക്റ്റിന്റെ പേര് | ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് |
| ബിൽനമ്പർ | 8/6-9-19 തുക-10,000/-<br>23/29-2-20 തുക-43,100/- |

പദ്ധതി പ്രകാരം ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഗ്രാമ സഭ, ഭരണ സമിതി എന്നിവ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ലഭ്യമല്ല. അംഗീകാരം വാങ്ങി ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**1-39 ഗവ. എൽ.പി.എസ്.കിളിമാനൂർ-ൽ പ്രിന്റർ വാങ്ങൽ - അപാകങ്ങൾ**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0157/20 |
| അടങ്കൽ | 16693(മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 13500 |
| ബിൽ നമ്പർ | 11/01.02.2020 |
| നിർവ്വഹണം | എച്ച്.എം. |

പ്രിന്റർ വാങ്ങുന്നതിനായി ശ്രീമഹാദേവ ഇൻഫോ സൊല്യൂഷൻസിന് തുക കൈമാറി.

എ)പ്രോജക്റ്റ്, ടെന്റർ/ക്വട്ടേഷൻ നടപടിക്രമങ്ങളുടെ വിശദാംശം, സപ്ലൈ ഓർഡർ മറ്റ് വിശദാംശങ്ങൾ എന്നിവ ഫയലിൽ ലഭ്യമാക്കിയിരുന്നില്ല. ഇവ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 17/15.09.2021) നല്കിയതിനെതുടർന്ന് മൂന്ന് ക്വട്ടേഷനുകൾ ലഭ്യമാക്കി.

പ്രിന്റർ വിതരണം ചെയ്ത ശ്രീമഹാദേവ ഇൻഫോ സൊല്യൂഷന്റെ ടാക്സ് ഇൻവോയിസും GST Site ഉം പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ബിൽ തുകയുടെ വിശദാംശം

| | |
|---|---|
| Net Value | 11,344.00 |

| | |
|---|---:|
| CGST 18% | 1,021.00 |
| SGST 18% | 1,021.00 |
| Cess 1% | 113.45 |
| ആകെ | 13500.00 |

GSTIN : 32CNVPS4331N1ZB

പ്രസ്തുത സ്ഥാപനത്തിന്റെ Goods Description

| HSN | Description |
|---|---|
| 85251020 | TRANSMISSION APPARATUS FOR RADIO-TELEPHONY, RADIOTELEGRAPHY, RADIO-BROADCASTING OR TELEVISION, WHETHER OR NOT INCORPORATING RECEPTION APPARATUS OR SOUND RECORDING OR REPRODUCING APPARATUS; TELEVISION CAMERAS; STILL IMAGE VIDEO CAMERAS AND OTHER VIDEO CAMERA RECORDERS; DIGITAL CAMERAS - TRANSMISSION APPARATUS: TV BROADCAST TRANSMITTER |
| 84859000 | MACHINERY PARTS, NOT CONTAINING ELECTRICAL CONNECTORS, INSULATORS, COILS, CONTACTS OR OTHER ELECTRICAL FEATURES, NOT SPECIFIED OR INCLUDED ELSEWHERE IN THIS CHAPTER - OTHER |

പ്രസ്തുത സ്ഥാപനത്തിന് പ്രിന്റർ വിൽക്കുന്നതിനുള്ള GST രജിസ്ട്രേഷൻ ഇല്ല.

ബി)പ്രസ്തുത വാങ്ങൽ പ്രക്രിയയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെട്ടിട്ടില്ല.

വാങ്ങൽ പ്രക്രിയയിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 യുവജനക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് - മാർഗരേഖ പാലിച്ചില്ല

| പ്രോജക്ട് നമ്പർ | SO059/20 | |
|---|---|---|
| | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് | 50000 | 49999 |
| തനത് ഫണ്ട് | 20000 | 18008 |
| ആകെ | 70000 | 68007 |
| ബിൽ നമ്പർ | 06/29.10.2019 | |
| ചെക്ക് നമ്പർ | ലഭ്യമല്ല | |
| നിർവ്വഹണം | എച്ച്.എം. | |

ഗ്രാമപഞ്ചായത്തിലെ രജിസ്റ്റേർഡ് യുവജന ക്ലബ്ബുകളിലെ അംഗങ്ങൾക്ക് കായിക പരിശീലനം നടത്തുന്നതിന് സ്പോർട്സ് കിറ്റ് വാങ്ങി നൽകുന്നതിന് വിഭാവനം ചെയ്ത പ്രോജക്ട്.

ടെന്റർ ക്ഷണിച്ചതിൽ എറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്പോർട്സ് പാർക്ക് എന്ന സ്ഥാപനത്തിൽ നിന്നും ക്രിക്കറ്റ് ബാറ്റ്, ഫുട്ബോൾ, ബാഡ്മിന്റൻ നെറ്റ്, വോളിബാൾ, ക്യാരംബോർഡ്, ചെസ് ബോർഡ് മുതലായവ വാങ്ങി.

എ)സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] പ്രകാരം യുവജന ക്ലബ്ബുകൾക്ക് സ്പോർട്സി കിറ്റ് വാങ്ങി നൽകുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകളുണ്ട്.

I) ഒരു സംഘടനയ്ക്ക് 4000 രൂപയിൽ അധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ

Ii) കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങൾ യുവജനക്ലബ്ബുകളുടെ ഏകോപനസമിതി നിശ്ചയിക്കണം.

Iii) എല്ലാ ക്ലബ്ബുകളിൽ നിന്നും അപേക്ഷ ക്ഷണിക്കണം.

Iv)ഓരോ ക്ലബുകൾക്കും അവരുടെ ആവശ്യത്തിനും സാദ്ധ്യതയ്ക്കും അനുസരിച്ചുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അപേക്ഷയോടൊപ്പം വാങ്ങണം.

V) ഇവ ക്രോഡീകരിച്ച് സാമ്പത്തിക പരിധിക്കും ഭരണസമിതി തീരുമാനത്തിനും വിധേയമായി ഉപകരണങ്ങൾ വാങ്ങി നൽകണം.

പ്രസ്തുത നിബന്ധനകളിൽ Ii മുതൽ V വരെയുള്ളവ പാലിച്ചിട്ടില്ല.

ബി) പ്രസ്തുത വാങ്ങൽ പ്രക്രിയയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെട്ടിട്ടില്ല.

ക്ലബുകളുടെ പ്രതിനിധികളുടെ യോഗം യുവജനക്ഷേമ ബോർഡ് നിയമിച്ച കോ-ഓർഡിനേറ്റർ മുഖേന സംഘടിപ്പിക്കുകയുണ്ടായെന്നും പ്രസ്തുത യോഗത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായെന്നും ക്ലബുകൾക്കാവശ്യമുള്ള ഉപകരണങ്ങൾ കമ്മിറ്റി നിശ്ചയിക്കുകയുണ്ടായെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 17/15.09.2021ന്റെ മറുപടി).

പ്രോജക്ട് നിർവ്വഹണത്തിൽ മാർഗ രേഖ പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ – ഗുണഭോക്തൃ തിരഞ്ഞെടുപ്പിൽ സുതാര്യതയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0057/20 |
| അടങ്കൽ | 270000(വികസന ഫണ്ട് -SCP) |
| ചെലവ് | 251845 |
| ബിൽ നമ്പർ | 03/17.10.2019 തുക 228950<br>05/29.10.2019 തുക 22895 |
| നിർവ്വഹണം | എച്ച്.എം. |

കെൽട്രോണിൽ നിന്ന് 11 ലാപ് ടോപ്പുകൾ വാങ്ങി ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് വിവരം | വാർഡ് നമ്പർ |
|---|---|---|
| 1 | ആതിര.എ, ചരുവിള, കണ്ണയംകോട് | 12 |
| 2 | ലക്ഷ്മി.യു.എസ്, കോമളത്തുവീട്, ചൂട്ടയിൽ | 10 |
| 3 | അചന്യ.എം.എ, ചരുവിളവീട്, കണ്ണയംകോട് | 12 |
| 4 | അതുല്യ.എസ്.ഡി, അതുല്യഭവൻ, ആലത്തുകാവ് | 13 |
| 5 | സുമി.എസ്, വടക്കുംകരവീട്, മലയ്ക്കൽ | 2 |
| 6 | നീതു.ടി.എൽ, ചരുവിളവീട്, പേരയിൽ | 2 |
| 7 | വിദ്യ.വി, വിഷ്ണുവിലാസം, പേരയിൽ | 2 |
| 8 | പൂജ, പുല്ലൂർകുന്ന് വീട്, ആറ്റൂർ | 7 |
| 9 | പ്രതിഭ, പുല്ലൂർകുന്ന് വീട്, ആറ്റൂർ | 7 |
| 10 | ചിന്നകുമാരി.ബി.എസ്, സിന്ധുഭവൻ, കിളിക്കോട്ടുകോണം | 15 |
| 11 | അഖിൽ.കെ.എം., അഖിൽ ഭവൻ, പുല്ലയിൽ | 10 |

എ) വകുപ്പിൽ നിന്നും ലാപ് ടോപ്പ് നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന സബ്സിഡി മാർഗരേഖയിലെ നിബന്ധന പാലിച്ചിട്ടില്ല.

ബി) മേൽ പട്ടികയിലെ ക്രമ നമ്പർ 2, 8, 10 എന്നിവയൊഴികെയുള്ള ഗുണഭോക്താക്കൾ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഭരണസമിതിയുടെ 2(5)/05.10.2019-ാം നമ്പർ തീരുമാനപ്രകാരം ലഭ്യമാക്കിയ അഡിഷണൽ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമാണ് ആനുകൂല്യം വിതരണം ചെയ്തതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 17/15.09.2021ന്റെ മറുപടി). ഇതേ വിശദീകരണം തന്നെയാണ് സെക്രട്ടറിയും ലഭ്യമാക്കിയത് (ഓഡിറ്റ് എൻക്വയറി നമ്പർ 18/15.09.2021ന്റെ മറുപടി).

സി)പ്രസ്തുത വാങ്ങൽ പ്രക്രിയയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെട്ടിട്ടില്ല.

ഡി) മേൽ പട്ടികയിലെ ക്രമ നമ്പർ 1, 2, 5, 6, 7, 8 എന്നീ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അംഗീകരിച്ചിട്ടില്ല.

ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സുതാര്യമാക്കുന്നതിനുള്ള നടപടികൾ ഭരണ സമിതി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

### 2-1 ഇല്ല

-

## ഭാഗം -3

### 3-1 ഇല്ല

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | സമഗ്ര നെൽകൃഷി വികസനം-കേദാരം (പ്രോ.നം 107/20) | 187000 | 187000 | 0 |
| | | ക്ഷീരസമൃദ്ധി-വനിത (പ്രോ.നം 49/20) | 350000 | 309719 | 40281 |
| | | സ്നേഹസ്പർശം (പ്രോ.നം 52/20) | 163875 | 163875 | 0 |
| | | ലൈഫ് ബ്ലോക്ക് ഷെയർ ,(SCP) (പ്രോ.നം62/20) | 3900000 | 271243 | 3628757 |
| | | ലൈഫ്-ജനറൽ (പ്രോ.നം63/20) | 1100000 | 560000 | 540000 |
| | | ക്ഷീരസമൃദ്ധി (പ്രോ.നം50/20) | 150000 | 150000 | 0 |
| | | | 5850875 | 1641837 | 4209038 |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | |
| 25000 | 5850875 | 5875875 | 1641837 | 4234038 | |

ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായിട്ടില്ല. 2018-19 ലെ നീക്കിയിരിപ്പ് തുകയായ 1,92,772/-ൽ നിന്നും 1,06,894/- രൂപയാണ് ചെലവ് (പ്രോ.നം 150/20 ലൈഫ് ജനറൽ)വന്നിട്ടുള്ളത്. ബാക്കി തുകയായ 85,878/-രൂപ അവശേഷിക്കുന്നു.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2019-20 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | പ്രോജക്റ്റ് നം 13/20<br>മടവൂർ ഇലക്ട്രിസിറ്റി ഓഫീസ് പരിധിയിലുള്ള വാർഡുകളിൽ സ്ട്രീറ്റ്മെയിൻ നീട്ടലും മീറ്റർ സ്ഥാപിക്കലും | 500000 | 500000 | 0 |
| KWA | പ്രോജക്റ്റ് നം 41/20<br>പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-വാർഡ് 7 | 75000 | 75000 | 0 |
| KWA | പ്രോജക്റ്റ് നം 40/20<br>വിവിധ സ്കൂളുകളിലേക്കും അംഗൻവാടികളിലേക്കും കുടിവെള്ള കണക്ഷൻ | 343307 | 343307 | 0 |

തുകയുടെ UC ലഭ്യമാക്കി ചെലവ് ക്രമീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പായിനത്തിൽ 1920000/-രൂപ (KURDFC വായ്പ) ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം തിരിച്ചടവിന്റെയും നീക്കിയിരിപ്പിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | GO (Ms) 68/2018/Lsgd/ 18.05.2018 | 22176156(ഉൾപ്പെട്ട തുക) | 20256156 | 1558823 | 2061733* |

* B5 പ്രകാരം 20606619/-രൂപയാണ്. പ്രസ്തുത വിവരം വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിശദാംശങ്ങളിൽ (ഖണ്ഡിക 4) പരാമർശിച്ചിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | അടവാക്കിയ തുക | രസീത് നം/ തീയതി |
|---|---|---|---|---|
| 2018-19 | 1-35 | ശ്രീകണ്ഠൻ നായർ അസി.എഞ്ചിനീയർ. | 8636 | 119110101348 29.08.2019 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3.9 | 2014 | 4.1.4 | പോങ്ങനാട് സ്കൂൾ കോമ്പൗണ്ട് മാലിന്യ സംസ്കരണ പ്ലാന്റ് | തൽസ്ഥിതി തുടരുന്നു. |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 7,40,07,981/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,71,70,046/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,78,258/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 1,95,000/- | ഡോ. ശാലുമോൾ. എസ്.എസ്. |
| 1-30 | 75,000/- | ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി |
| 1-31 | 2,82,240/- | ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി |
| 1-32 | 30,000/- | ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി |
| 1-33 | 77,518/- | ശ്രീ. സുനിൽ കുമാർ.ബി.എസ്, സെക്രട്ടറി |
| 1-37 | 18,500/- | ശ്രീമതി ഷീലാകുമാരി അമ്മ.ബി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| **ആകെ** | **6,78,258/-** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-7 | 7,200/- | സെക്രട്ടറി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി | ലഭ്യമല്ല | കടകമ്പള്ളിൽ, ചാത്തിയോട് ലെയിൻ, നാലാഞ്ചിറ.പി.ഒ. |
| ശ്രീ. സുനിൽ കുമാർ. ബി.എസ്, സെക്രട്ടറി | ലഭ്യമല്ല | തൊടിയിൽ പുത്തൻവീട്, പുലിയൂർകോണം, മടവൂർ.പി.ഒ. |
| ശ്രീമതി ഷൈബി.എസ്.ആർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലഭ്യമല്ല | സിരാം, ചാരുമ്മൂട്, അയിരൂപ്പാറ |
| ശ്രീമതി ഷീലാകുമാരി അമ്മ.ബി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലഭ്യമല്ല | വിപഞ്ചിക, കൊച്ചാലുമ്മൂട്, മടവൂർ |
| ഡോ. ശാല്യമോൾ. എസ്.എസ്. വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, പൂതക്കുളം ഗ്രാമപഞ്ചായത്ത് | കരുണ, പേരയം, കുമ്പളം. പി.ഒ, കുണ്ടറ, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി: 05-05-2018 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 5 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 5 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 6 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 1 |
| 2014-15 | കെ എസ് എ റ്റിവിഎം/ ജിപി9/ 841 /2018 തീയതി:05-05-2018 | 2 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2025/16 | 6 |

| | | |
|---|---|---|
| | തീയതി:25.11.2016 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1665/2017 | 8 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1846/2018 തീയതി.7.9.19 | 18 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1703 /2019 തീയതി.17.12.2020 | 18 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.**

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്